# COTTON KItes



Government Higher Secondary School For Girls, Cottonhill


**Little Kites Unit**

**LK/2018/43085**

**2018-19**

# COTTON
# KItes


**Government Higher Secondary School**
**For Girls, Cottonhill**
**Little Kites Unit**
**LK/2018/43085**
**2018-19**



*"Education is the basic tool for the development of consciousness and the reconstitution of the society"*

*-Mahatma Gandhi*

പ്രൊഫ. സി. രവീന്ദ്രനാഥ്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
കേരള സർക്കാർ



## സന്ദേശം

കോട്ടൺഹിൽ ഗവ. ഗേൾസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്.

ഇപ്പോൾ എല്ലാ സ്കൂളുകളിലും ലഭ്യമായിട്ടുള്ള മെച്ചപ്പെട്ട അടിസ്ഥാന സാങ്കേതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുവാനുള്ള ശ്രമം അഭിനന്ദനീയമാണ്

പഠന-പഠനേതര രംഗത്ത് വിദ്യാലയത്തിന് ആർജ്ജിക്കുവാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ രേഖപ്പെടുത്തുന്നതിനും വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും കലാ-സാഹിത്യ സൃഷ്ടികൾ പ്രകാശിപ്പിക്കുന്നതിനും ഡിജിറ്റൽ മാഗസിൻ വേദിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ ഉദ്യമത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

സി.രവീന്ദ്രനാഥ്

Government of Kerala

**K. ANVAR SADATH**
Vice Chairman & Executive Director



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

തീയതി : 16.01.2019

## സന്ദേശം

വിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ ആധുനികവൽക്കരണത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് വിവരവിനിമയ സാങ്കേതികവിദ്യയിൽ കൂടുതൽ പരിശീലനം നൽകി വിദ്യാർത്ഥികളെ സജ്ജമാക്കുന്ന 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റിന്റെ എല്ലാ പ്രവർത്തനങ്ങളും അഭിനന്ദനാർഹമാണ്. തിരുവനന്തപുരം, കോട്ടൺഹിൽ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിലെ 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റ് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിൽ വളരെയധികം സന്തോഷം. പ്രസ്തുത സംരംഭത്തിന് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) എല്ലാ ആശംസകളും നേരുന്നു.

**കെ.അൻവർ സാദത്ത്**
വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ



Poojappura P.O. Thiruvananthapuram 695 012 Kerala India
Tel : +91 471 2529800 Fax : 0471 2529810 director@kite.kerala.gov.in
www.kite.kerala.gov.in
(CIN : U74999KL2017NPL049848)



## **Principal's message**

It is extreme pleasure that the 9th standard students of Govt. Girls Higher Secondary School Cotton Hill took initiative in the production of *Little Kites* **'Cotton kites'** the online magazine for our school. This will be a huge step in the history of our school. I forward all my wishes to this new venture.



**Preetha K L**
Principal Headmistress



## സന്ദേശം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവുമായി ബന്ധപ്പെട്ട് സ്കൂളുകൾ ഹൈടെക്ക് ആകുന്നതിന്റെ ഭാഗമായി വിവരവിനിമയ സാങ്കേതിക വിദ്യയിൽ കൂടുതൽ പരിശീലനം നൽകി ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലൂടെ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന എല്ലാ പ്രവർത്തനങ്ങളും മികവുറ്റതാണ്. തിരുവനന്തപുരം കോട്ടൺ ഹിൽ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിന് എല്ലാവിധ ആശംസകളും നേരുന്നു.

**ജസീല എ ആർ**
പ്രിൻസിപ്പൽ ഹെഡ്മിസ്ട്രസ്



## സന്ദേശം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവുമായി ബന്ധപ്പെട്ട് സ്കൂളുകൾ ഹൈടെക്ക് ആകുന്നതിന്റെ ഭാഗമായി വിവരവിനിമയ സാങ്കേതിക വിദ്യയിൽ കുടുതൽ പരീശീലനം നൽകി ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലൂടെ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന എല്ലാ പ്രവർത്തനങ്ങളും മികവുറ്റതാണ്. തിരുവനന്തപുരം കോട്ടൺ ഹിൽ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിന് എല്ലാവിധ ആശംസകളും നേരുന്നു.

**രാജശ്രീ. ജെ**

അഡിഷണൽ ഹെഡ്മിസ്ട്രസ്



## <u>സന്ദേശം</u>

പ്രതിഭാധനരായ ബാല്യകൗമാരങ്ങൾക്ക് മുകിലോളമുയരാൻ പര്യാപ്തമാകട്ടെ ഈ ഡിജിറ്റൽ സംരംഭം..... അതിലേക്ക് വഴിതെളിക്കപ്പെടാനിടയായവരോടോപ്പം ചേരാൻ സാധ്യമായതിന്റെ കൃതാർഥതയോടെ....

ആശംസകളോടെ

ഹൃദയപൂർവ്വം

**ബിന്ദു ജി.എസ്.**

KITE

District Co-ordinator



## <u>സന്ദേശം</u>

കോട്ടൺഹിൽ ഗവ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിലുള്ള ഡിജിറ്റൽ മാഗസിൻ 'Cottonkites'നു എല്ലാവിധ നന്മകളും നേരുന്നു. കുട്ടികളുടെ സർഗാത്മക സൃഷ്ടികൾ പൊതുജന സമക്ഷത്തിലേക്കു എത്തിക്കാൻ വേണ്ടി ഈ സംരഭത്തിന് നേതൃത്വം നൽകിയവരേയും പങ്കാളികളേയും ആത്മാർഥമായി അഭിനന്ദിക്കുന്നു. പൊതുവിദ്യാലയങ്ങൾ സാങ്കേതികവിദ്യയുടെ വെളിച്ചത്താൽ സമ്പന്നമാകട്ടെ.........

**Sreeja S**
MTC TVM
KITE



## <u>സന്ദേശം</u>

ലിറ്റിൽ കൈറ്റ്സ്ന്റെ ഭാഗമായി തയാറാക്കിയ ആദ്യ ഡിജിറ്റൽ മാഗസിനായ '**കോട്ടൺ കൈറ്റ്സ്** ' എല്ലാ കൊച്ചു കൂട്ടുകാരുടെയും ആത്മാർഥമായ പ്രവർത്തനങ്ങളുടെ കൂട്ടായ്മയാണ്. അതിനു വേണ്ടി പ്രയത്നിച്ച എല്ലാവർക്കും ഹൃദ്യമായ ആശംസകൾ നേർന്നുകൊണ്ട്

**പ്രിയ**
മാസ്റ്റർ ട്രെയിനർ
സൗത്ത് സോൺ

## EDITORIAL BOARD

### EDITOR

Catherine.A

### CO EDITORS

Nandini Krishna .R.S
Keerthi Sunil

**SUB-EDITORS**

മലയാളം
**Parvathy. J**
**Adithya A.S**

**ENGLISH**
**Maneesha Vinod**
**Abhirami .S.R**

**SANSKRIT**
**Anupama Binukumar**
**Ranilakshmi.M.S**

**TAMIL**
**Vishnusundari.U**
**Akshayapriya.M**

**PHOTOGRAPHER**
**Neelima Asok**


# എഡിറ്റോറിയൽ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ രൂപീകരിച്ച ലിറ്റിൽ കൈറ്റ്സ് , കുട്ടികളുടെ പഠന പ്രവർത്തനത്തിന്റെ ഭാഗമായി വിവരവിനിമയ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അവരിലെ സർഗ്ഗശേഷി പരിപോഷിപ്പിക്കുന്നതിനും അവ സമൂഹത്തിന് പ്രയോജനപ്പെടുത്തുന്നതിനും ഉള്ള ധാരാളം അവസരങ്ങൾ നൽകുന്നു. അതിന്റെ ഭാഗമായി നമ്മുടെ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ തയ്യാറാക്കിയ ഇ -മാഗസിൻ വായനക്കാരിലേക്ക് എത്തിക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷവും ചാരിതാർഥ്യവും ഉണ്ട് . ഇത്തരത്തിലുള്ള പ്രഥമ സംരംഭമാണിത്. ഇനിയും ഇതുപോലുള്ള പ്രവർത്തനങ്ങൾ ചെയ്യാനുള്ള മനസ്സും ആർജ്ജവവും കുട്ടികൾക്ക് ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു .

എഡിറ്റർ

കാതറിൻ. എ

# CONTENTS


COTSA ........................................................................ 1

NCC ........................................................................ 5

SPC ........................................................................ 6

GREEN ARMY ........................................................................ 7

DOCUMENTATION ........................................................................ 8

Inclusive Education ........................................................................ 23

Sports ........................................................................25


## മലയാളം


പ്രളയം ........................................................................ 27

മഴ മറന്ന കാലം ........................................................................ 30

കാലം മായ്ക്കാത്ത കുട്ടിക്കാലം ........................................................................ 31

പ്രവേശനം ........................................................................ 33

ഒരു യാത്ര ........................................................................ 34

പൂവ് .................................................................... 37

എന്റെ ഓർമ ........................................................ 37

എന്റെ പ്രിയ പുസ്തകം .................................... 38

മാമ്പഴ കാലം ..................................................... 41

അവൻ പറഞ്ഞു എനിക്കിതുമതി ................... 42

എന്റെ അമ്മ ...................................................... 45

ആരണ്യനർത്തകി തൻ സെൽഫി ............. 47

മലാല എന്ന മാലാഖ ...................................... 49

മലയാളം .............................................................. 50

മഴവിൽ ................................................................ 51

പറന്നു ,പറന്നു ,പറന്നു .................................. 52

വിത്ത് ഒരു മരം ................................................. 56

# English

E-WASTE ........................................................... 57
BECAUSE I AM A GIRL ............................................... 58
TRUE FRIEND ....................................................... 59
SPRING ............................................................ 59
I AM WHO I AM ..................................................... 60
MY BEST FRIENDS ................................................... 61
LOLLIPOPS ......................................................... 62
RABBIT ............................................................ 62
WOMEN IN SPACE .................................................... 63
THE EVENING BIRDS ................................................. 69
THE LITTLE DOLL ................................................... 70
CHILDHOOD ......................................................... 70
BOOK REVIEW- Good Night stories .................................. 71
HAPPY LIFE ........................................................ 73
PUNCTUALITY ....................................................... 74
STORY OF FRIENDSHIP ............................................... 75
My Little Sister .................................................. 76
My Grandmother .................................................... 77
Book Review- Reignited ............................................ 78

# संस्कृतम्

कविता ........................................................... 79

मामका जननी ................................................. 79

मित्रम ........................................................... 80

सिकता संरक्षण ............................................. 81

# தமிழ்

காத்திருக்கும் காலம் ........................................ 82

மனிதாபிமானம் ............................................. 83

குழந்தை ........................................................ 84

பெற்றோரின் கடமை ........................................ 84

பெண்மை போற்றுவோம் .................................. 86

ஓநாயும் நரியும் ............................................... 87

ஏ.பி.ஜெ. அப்துல் கலாம் .................................. 89


## കുട്ടികളുടെ വരകളിലൂടെ







## കുട്ടികൾ ചെയ്ത ഡിജിറ്റൽ പെയ്ന്റിംഗുകൾ





## പത്രക്കുറിപ്പുകളിലൂടെ കോട്ടൺഹിൽ



ചിലങ്കകളിലൂടെ






State level
A grade
Sanskrit
Drama



## ഗൗരിക്ക് ഇരട്ടവിജയം

നെയ്യാറ്റിൻകര ► സംസ്കൃത പ്രഭാഷണത്തിലും പാഠകത്തിലും ഗൗരിക്ക് ഇക്കുറിയും ഒന്നാം സ്ഥാനം. കോട്ടൺഹിൽ ജി.ജി.എച്ച്.എസ്.എസിലെ പത്താംക്ലാസ് വിദ്യാർഥിയാണ് ഗൗരി. കഴിഞ്ഞ വർഷത്തെ കലോത്സവത്തിലും ഈ രണ്ട് ഇനങ്ങളിലും ഗൗരിക്കായിരുന്നു ഒന്നാംസ്ഥാനം.

ഈ വർഷവു പതിവ് തെറ്റിക്കാ ഒന്നാംസ്ഥാനം നേ സ്കൂളിൻെറ അഭിമാ മായി.

▶ ഗൗരി



# COTSA

## Cottonhill Old Teachers and Students Association

കോട്ടൺഹിൽ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ PTA തീരുമാനപ്രകാരം 2008 ഒക്ടോബർ 25 ന് സ്കൂൾ അധികൃതരും PTA യും ചേർന്ന് ഈ സ്കൂളിലെ PKV സ്മാരക ഓഡിറ്റോറിയത്തിൽ വച്ച് സ്കൂളിലെ പൂർവ്വ

അധ്യാപകരുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും ഒരു യോഗം വിളിച്ചു ചേർക്കുകയുണ്ടായി. അന്നത്തെ PTA പ്രസിഡന്റായിരുന്ന ശ്രീ. പത്മകുമാർ അധ്യക്ഷനായിരുന്ന യോഗത്തിൽ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിനിയും അധ്യാപികയും മുൻ ഹെഡ്മിസ്ട്രസും ആയിരുന്ന ശ്രീമതി അന്നമ്മ ജോർജ്ജ് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. തുടർന്ന് ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിനിയും അധ്യാപികയും ആയിരുന്ന ശ്രീ ഇടപ്പഴഞ്ഞി ജി. ശാന്തകുമാരി പ്രസിഡന്റായും മുൻ പ്രിൻസിപ്പൽ ശ്രീമതി അംബികാകുമാരി അമ്മ സെക്രട്ടറിയായും 21 അംഗങ്ങളുള്ള എക്സിക്യൂട്ടിവ് കമ്മറ്റി(10 പൂർവ്വ അധ്യാപകരും 11 പൂർവ്വ വിദ്യാർത്ഥിനികളും) രൂപീകരിക്കപ്പെട്ടു. Reg. no. T 1712/09 dated 16.11.2009 എന്ന നമ്പറിൽ സംഘടന രജിസ്റ്റർ ചെയ്തു. നിയമാവലി അനുസരിച്ചാണ് സംഘടന പ്രവർത്തിക്കുന്നത്. പൂർവ്വ അധ്യാപകരും പൂർവ്വ വിദ്യാർത്ഥികളും ഒത്തു ചേർന്ന് പ്രവർത്തിക്കുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത.

ആദരണീയായ പൂയം തിരുനാൾ ഗൗരി പാർവതി ബായി തമ്പുരാട്ടി ഇതിലെ മുഖ്യ രക്ഷാധികാരിയും ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിനികളായ ശ്രീമതിമാർ

സുഗതകുമാരി ടീച്ചർ, നളിനി നെറ്റോ IAS, കെ.എസ്. ചിത്ര, ഗോപിക വർമ്മ എന്നിവർ സംഘടനയുടെ രക്ഷാധികാരിയും ആയിരുന്നു. ഈ രക്ഷാധികാരികളെ കൂടാതെ ശ്രീമതി ശ്രീലേഖ IPS, ഡോ. രാജമ്മ രാജൻ, ശ്രീമതി മല്ലികാ സുകുമാരൻ, പ്രൊഫ. സി. പി. രാജമ്മ, തുടങ്ങി സമൂഹത്തിലെ വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന പ്രശസ്തരായ പൂർവ്വ വിദ്യാർത്ഥികളും ഈ സംഘടനയുടെ അഭിമാനമാണ്. കൂടാതെ പത്മശ്രീ ജേതാവായ ശ്രീമതി പാറശ്ശാല പൊന്നമ്മാൾ, പ്രസിദ്ധ സിനിമാ നടി ആറന്മുള പൊന്നമ്മ എന്നിവർ ഈ സ്കൂളിലെ അധ്യാപികമാരായിരുന്നു. മികച്ച അധ്യാപകർക്കുള്ള ദേശീയ പുരസ്കാര ജേതാക്കളായ പരേതയായ ദാക്ഷായണി അമ്മ ടീച്ചർ, COTSA സെക്രട്ടറിയായ അംബിക കുമാരി അമ്മ ടീച്ചർ സംസ്ഥാന പുരസ്കാര ജേതാവ് ഇ.പി. ബേബി ടീച്ചർ ഇവർ ഈ സ്കൂളിലെ പ്രധാന അദ്ധ്യാപികമാരായിരുന്നു.

സംഘടനയിലെ അംഗങ്ങളുടെ മാനസികോല്ലാസത്തിനുവേണ്ടി പ്രവർത്തിക്കുക, ജീവകാരുണ്യപ്രവർത്തനങ്ങൾ ചെയ്യുക എന്നിവ ഈ സംഘടനയുടെ ലക്ഷ്യങ്ങളാണ്. എന്നാൽ സ്കൂളിലെ കുട്ടികളുടെ നന്മയ്ക്കുവേണ്ടിയും തദ്വാരാ സ്കൂളിന്റെ പുരോഗതിയ്ക്കുവേണ്ടിയും പ്രവർത്തിക്കുക എന്നതാണ് ഇതിന്റെ മുഖ്യ ലക്ഷ്യം. സർക്കാർ ആശുപത്രികളിലെ പാവപ്പെട്ടവർക്ക് വസ്ത്രം, ഭക്ഷണം ഇവ നൽകുന്നതോടൊപ്പം മാനസിക രോഗികളെ അധിവസിപ്പിച്ചിരിക്കുന്ന ഇടങ്ങളിൽ വസ്ത്രം, പുതപ്പ്, ഭക്ഷണം എന്നിവ നൽകുന്നു. അപകടം സംഭവിച്ച് കഷ്ടപ്പെടുന്നവരുടെ ഭവനം സന്ദർശിച്ച് സാമ്പത്തിക സഹായം ചെയ്യുന്നു. കുട്ടികളുടെ നന്മയ്ക്കുവേണ്ടി എന്തെങ്കിലും

ചെയ്യാൻ കഴിയുന്ന അവസരങ്ങളിൽ എല്ലാം ഞങ്ങൾ മുന്നോട്ടു വന്ന് അതിനു വേണ്ടി പ്രവർത്തിക്കുന്നു. SSLC, +2,പരീക്ഷകളിൽ മികച്ച പ്രകടനം കാഴ്ച്ചവയ്ക്കുന്ന കുട്ടികൾക്കായി COTSA എന്റോമെന്റെ ഏർപ്പെടുത്തിട്ടുണ്ട്. മികച്ച കലാ-കായിക പ്രകടനങ്ങൾ കാഴ്ചവയ്ക്കുന്ന HS,HSS വിഭാഗത്തിലെ കുട്ടികൾക്കും ഭിന്നശേഷി വിഭാഗത്തിലെ കുട്ടികൾക്കുമായി എല്ലാ വർഷവും ക്യാഷ് അവാർഡ് നൽകി വരുന്നു.

ഇതിനെല്ലാം പുറമെ COTSA എന്ന സംഘടന തുടങ്ങിയ കാലം മുതൽ ചെയ്തു വരുന്ന മറ്റൊരു പ്രധാന കാര്യമാണ് കുട്ടികളുടെ സമഗ്ര വികസന പരിപാടി( All Round Development Programme). രണ്ടുവർഷം നീണ്ടു നിൽക്കുന്ന ഈ കോഴ്സിലേക്കു, പഠിക്കാൻ കഴിവുള്ള വരും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ 50 കുട്ടികളെ തിരഞ്ഞെടുക്കുന്നു. ഇവർക്ക് വേണ്ടി എല്ലാ ശനിയാഴ്ച്ചയും 9.30 മുതൽ വൈകുന്നേരം 4.30 വരെ ഏർപ്പെടുത്തിയിരിക്കുന്ന ക്ലാസുകൾ സമൂഹത്തിലെ നാനാമണ്ഡലങ്ങളിലുള്ള വിദഗ്ധർ കൈകാര്യം ചെയ്യുന്നു. (പാഠപുസ്തകങ്ങളല്ല പഠിപ്പിക്കുന്നത്)കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ (കേരള യൂണിവേഴ്സിറ്റി) യുടെ കീഴിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്ന പ്രഗത്ഭരായ വ്യക്തികളും ഇതിൽ ഉൾപ്പെടുന്നു. യോഗാ, കരാട്ടെ, സ്പോക്കൺ ഇംഗ്ലീഷ്, ലിറ്ററി ആക്ടിവിറ്റിസ്, കൾച്ചറൽ ആക്ടിവിറ്റീസ്, സയൻസ് ആൻഡ് ടെക്നോളജി, ഹെൽത്ത്, ഫിസിക്കൽ ഡെവലപ്മെന്റ്, പേഴ്സണാലിറ്റി ഡെവലപ്മെന്റ്, മെന്റൽ ഡെവലപ്മെന്റ്, ലൈഫ് സ്കിൽ ഡെവലപ്മെന്റ്, ഹോം മാനേജ്മെന്റ്, ലീഗൽ അവയർനെസ്, മീഡിയ ഇവയാണ്

പ്രധാന വിഷയങ്ങൾ. കുട്ടികളിൽ ഒളിഞ്ഞിരിക്കുന്ന സഭാകമ്പം മാറ്റി മറ്റുള്ളവരെ അഭിമുഖീകരിച്ച് സംസാരിക്കാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തിന് ഊന്നൽ

കൊടുക്കുന്നു. ഇങ്ങനെ കുട്ടികളുടെ സമഗ്ര വികസനമാണ്

ലക്ഷ്യമാക്കുന്നത്. ഇക്കാര്യത്തിൽ സഹകരിക്കുന്ന എല്ലാ വ്യക്തികളും പ്രത്യേകം കൃതജ്ഞത

അർഹിക്കുന്നു. അവരെല്ലാം നിസ്വാർത്ഥ സേവനമാണ് കാഴ്ച

വയ്ക്കുന്നത്.



## NCC Govt. Girls Higher Secondary School, Cottonhill

Our Motto

Unity and Discipline

NCC Troop No - 1

Unit (1) k Girls Battalion

NCC was established in the school approximately 35 years ago. The total number of students enrolled in this scheme currently is 150. The motto of NCC is “Unity and Discipline”. There are 17 Directorates. Our NCC is under the Kerala and Lakshadweep directorate.

The training in NCC instills qualities like Nationalism, Patriotism, Discipline, Team spirit, Espirit-de-corps, Leadership and Self confidence and promotes overall personality development. NCC gives a tremendous opportunity to one and all for betterment, irrespective of caste, creed, religion or economic status. Based on the aim of NCC, the organisation has laid down syllabi for the cadets. The period of 2 years. Except for minor variations, the syllabi for each division is similar for both boy and girl cadets. The training activities of NCC can be broadly classified as camp training, attachment training, social service and community development activities, youth exchange programmes(YEP), adventure training and sports. The associate NCC officer is in charge in our institution.

# Student Police Cadet

പൗരബോധവും, ലക്ഷ്യബോധവും, സാമൂഹ്യ പ്രതിബദ്ധതയും, സേവനസന്നദ്ധതയുമുള്ള ഒരു യുവജനതയെ വാർത്തെടുക്കുക, വിദ്യാർഥികളിൽ പ്രകൃതിസ്നേഹം, പരിസ്ഥിതി സംരക്ഷണബോധം, പ്രകൃതി ദുരന്തങ്ങൾക്കെതിരെ പ്രവർത്തിക്കാനുള്ള സന്നദ്ധത എന്നിവ വളർത്തുക, സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടാനും ദുരന്തഘട്ടങ്ങളിൽ ഉണർന്നു പ്രവർത്തിക്കാനും ഉള്ള മനോഭാവം വിദ്യാർഥികളിൽ വളർത്തുക, സ്വഭാവ ശുദ്ധിയിലും പെരുമാറ്റ ശീലത്തിലും മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒരു മാതൃകാ വിദ്യാർഥി സമൂഹത്തെ വാർത്തെടുക്കുക എന്നീ ലക്ഷ്യങ്ങളോട് കൂടി പ്രവർത്തിക്കുന്ന SPC വളരെ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. പ്രളയം , രക്തദാനം , ട്രാഫിക് സുരക്ഷ, നേത്ര ചികിത്സാ ക്യാമ്പ് എന്നിവയിൽ  SPC കേഡറ്റുകൾ വിലമതിക്കാനാകാത്ത സേവനമാണ് കാഴ്ചവെച്ചത് .







# ഗ്രീൻ ആർമി



ഓരോ ദിവസവും നഗരങ്ങളിൽ വരുന്ന മനുഷ്യരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്നു.അതിനാൽ തന്നെ നഗരപ്രദേശങ്ങളിൽ ഓരോ നിമിഷവും മാലിന്യങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു.സമാനമായ കാഴ്ചയാണ് കേരള തലസ്ഥാനമായ തിരുവനന്തപുരത്തും കാണാൻ സാധിക്കുന്നത്.തിരുവനന്തപുരം നഗരത്തിലെ മാലിന്യപ്രശ്നങ്ങൾക്കു അറുതിവരുത്താനാണ് തിരുവനന്തപുരം



നഗരസഭാ "എന്റെ നഗരം സുന്ദര നഗരം "എന്ന പ്രൊജക്റ്റിനു അടിത്തറയിട്ടത്. "**എന്റെ നഗരം സുന്ദര നഗരം** "എന്ന പ്രോജക്ടിന്റെ ഭാഗമായാണ് ഗ്രീൻ ആർമി എന്ന സംഘടനാ രൂപീകരിച്ചത്.ഗ്രീൻ ആർമി എന്ന സംഘടനയ്ക്കു 2018 -ൽ രണ്ടുവർഷം പൂർത്തിയായി. ഗ്രീൻ ആർമി നഗരങ്ങളിൽ ജീവിക്കുന്നവരെ മാലിന്യസംസ്കരണത്തെ കുറിച്ചും പ്ലാസ്റ്റിക് എന്ന അപകടകാരിയെ കുറിച്ചും ബോധ്യപ്പെടുത്തി ഇതിനെതിരെ ബദൽ മാർഗങ്ങൾ നിർദ്ദേശിച്ചു ഈ പ്രവർത്തനങ്ങൾ എങ്ങനെ നഗരങ്ങളിൽ നടപ്പിലാക്കാം എന്നാണു ആലോചിച്ചു പ്രവർത്തിക്കുന്നത്. ഗ്രീൻ പ്രോട്ടോകോൾ,പ്ലാസ്റ്റിക് അറസ്റ്റ് തുടങ്ങിയ മാർഗങ്ങളും സ്വന്തം പ്രവർത്തനങ്ങളും കൊണ്ട് മാലിന്യസംസ്കരണം നഗരത്തിൽ നടപ്പാക്കാം എന്ന് ഗ്രീൻ ആർമി പ്രവത്തകർ കാണിച്ചു തരുന്നു. തിരുവനന്തപുരം മെയർ ബഹുമാനപ്പെട്ട അഡ്വേക്കേറ്റ് വി. കെ. പ്രശാന്ത് ആണ് മുന്നോട്ട് കുതിക്കുന്ന ഗ്രീൻ ആർമിയുടെ നേതൃത്യം വഹിക്കുന്നത്.



"ചൊട്ടയിലെ ശീലം ചുടലവരെ "എന്ന പഴമൊഴി നമുക്ക് അപരിചിതവുമല്ല.സ്കൂൾ വിദ്യാർഥികളാണ് ഇനിയുള്ള തലമുറ. അവരെയും എന്റെ നഗരം എങ്ങനെ സുന്ദരമാക്കാം എന്ന് ഗ്രീൻ ആർമി പഠിപ്പിക്കുന്നു. ഗ്രീൻ ആർമി സംഘടനയുടെ പ്രവർത്തനങ്ങൾ സ്കൂളുകളിലും നടന്നുവരുന്നു.ഈ പ്രവർത്തനത്തിന്റെ ഭാഗമായി 30 സ്കൂളുകൾ ഗ്രീൻ ആർമിയുടെ കീഴിലുണ്ട്.അതിൽ പ്രധാനപ്പെട്ട സ്കൂളുകളിൽ ഒന്നാണ് കോട്ടൺ ഹിൽ.

കോട്ടൺഹില്ലിൽ ഗ്രീൻ ആർമി കുട്ടികൾ വളരെ മികച്ച പ്രവർത്തനങ്ങൾ നടത്തിവരുന്നു.

# സ്കൂൾതല പ്രവർത്തനങ്ങൾ

(Documentation by little kites team)

## പ്രവേശനോത്സവം(ജൂൺ 1 2018)

2018-19 അദ്ധ്യയന വർഷത്തെ വരവേറ്റത് പുതിയ ബഹുനിലമന്ദിരത്തിന്റെ ഉദ്ഘാടനത്തോടെയാണ്. ശ്രീ. ഏ.കെ. ആന്റണി എം.പി. യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും അനുവദിച്ചുകിട്ടിയ 1 കോടി രൂപ ഉപയോഗിച്ച് നിർമ്മിച്ച ബഹുനിലമന്ദിരത്തിന്റെ ഉദ്ഘാടനം 01.06.2018 ന് രാവിലെ 9.15 ന് ബഹു. എം.എൽ.എ. വി.എസ്. ശിവകുമാർ നിർവ്വഹിച്ചു. ഡെപ്യൂട്ടി മേയർ ശ്രീമതി രാഖി രവികുമാറിന്റെ അഭാവത്തിൽ പ്രവേശനോത്സവത്തിന്റെ ഉദ്ഘാടനം പ്രമുഖ നടനും സംവിധായകനുമായ ശ്രീ മധുപാൽ നിർവഹിച്ചു. പ്രസ്തുത ചടങ്ങിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ 10 ക്ലാസിലെയും +2 ലെയും വിദ്യാർത്ഥിനികളെയും USS, MTSE പരീക്ഷകളിൽ സംസ്ഥാന തലത്തിൽ സമ്മാനർഹരായവരെയും സമ്മാനങ്ങൾ നൽകി അഭിനന്ദിച്ചു. ഏഷ്യാനെറ്റ്-ആദിശങ്കര യുവശാസ്ത്രജ്ഞർക്കുവേണ്ടിയുള്ള അന്തർദ്ദേശീയതലത്തിൽ സംഘടിപ്പിച്ച മത്സരത്തിൽ മൂന്നാം സമ്മാനം ലഭിച്ച ഇഷാനി ആർ കമ്മത്തിനെയും, ആ വിദ്യാർത്ഥിനിയുടെ മെന്റർ ശ്രീമതി അമിന റോഷ്നി ടീച്ചറിനെയും ആദരിച്ചു. ഇഷാനിക്ക് ആഗസ്റ്റിൽ നാസയിലേക്ക് പോകാനുള്ള അവസരം ലഭിച്ചിട്ടുണ്ട്.

പ്രവേശനോത്സവത്തോടനുബന്ധിച്ച് IT ക്ലബിന്റെ നേതൃത്വത്തിൽ സ്കൂൾ ചരിത്രത്തിന്റെ ഒരു വീഡിയോ പ്രദർശനം സംഘടിപ്പിച്ചു. 5-ാം ക്ലാസിലേക്ക് പുതുതായി പ്രവേശനം ലഭിച്ച കുഞ്ഞുങ്ങൾക്ക് കത്തുന്ന് മെഴുകുതിരിയുടെയും ലൈബ്രറി പുസ്തകങ്ങളുടെയും അകമ്പടിയോടെ അതതു ക്ലാസ് അദ്ധ്യാപകർ ക്ലാസ് മുറികളിലേക്ക് നയിച്ചു. UP ക്ലാസുകളിലെ കുട്ടികളുടെ വിവരശേഖരണത്തിനായ Bio-data register നൽകി. സ്കൂളിലെ എല്ലാ വിദ്യാർത്ഥിനികൾക്കും മധുരം നൽകി പ്രവേശനോത്സവം ഗംഭീരമാക്കി. തുടർന്ന് രക്ഷകർത്താക്കൾക്ക് വേണ്ടി ഒരു ബോധവത്കരണ പരിപാടി നടത്തി.

## ലിറ്റിൽ കൈറ്റ്സിന്റെ ആദ്യയോഗം(ജൂൺ 1 2018)

ഇന്ത്യയിലെ ഏറ്റവും വലിയ കുട്ടികളുടെ ഐ.റ്റി. കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സിന്റെ കോട്ടൺഹില്ലിൽ സ്കൂളിലെ ആദ്യ ബാച്ചിന്റെ ആദ്യ യോഗം 1.6.2018 ഉച്ചയ്ക്ക് 2.30 ന് നടന്നു.

## ലിറ്റിൽ കൈറ്റ്സിന്റെ ഉദ്ഘാടനം(ജൂൺ 4 2018)

അദ്ധ്യയന വർഷത്തിലെ ആദ്യ അസംബ്ലി.

ലിറ്റിൽകൈറ്റ്സ് യൂണിറ്റിന്റെ ഉദ്ഘാടനം എസ്.എം.സി. ചെയർമാൻ അരവിന്ദന്റെ അധ്യക്ഷതയിൽ KITE എക്സിക്യൂട്ടിവ് ഡയറക്ടർ അൻവർ സാദത്ത് സാർ നിർവ്വഹിച്ചു. അദ്ദേഹം ആധുനിക വിവര സാങ്കേതിക വിദ്യയുടെ കുതിച്ചു ചാട്ടത്തെ കുറിച്ച് വിവരിക്കുകയും സ്കൂളിന്റെ ലിറ്റിൽകൈറ്റ്സ് അംഗത്വ സാക്ഷി പത്രം എച്ച്.എം. ശ്രീമതി ജസീല ടീച്ചർക്ക് കൈമാറി. സ്കൂളിലെ എല്ലാ കൈറ്റ്സ് അംഗങ്ങൾക്കും ബാഡ്ജ് വിതരണം ചെയ്തു.

(അധികവായനയ്ക്ക് ; https://schoolwiki.in/ഗവൺമെന്റ്_ഗേൾസ്_എച്ച്.എസ്._എസ്_,കോട്ടൺഹിൽ)

## പരിസ്ഥിതി ദിനാഘോഷം (ജൂൺ 5, 2018)




കോട്ടൺഹിൽ സ്കൂളിലെ പരിസ്ഥിതി ദിനാഘോഷം ഓപ്പൺ എയർ ഓഡിറ്റോറിയത്തിൽ വച്ച് നടത്തുകയുണ്ടായി. പ്രസ്തുത യോഗം ബഹുമാനപ്പെട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ വി.കെ. മധു ഉദ്ഘാടനം ചെയ്തു. സ്കൂളിലും സ്കൂൾ പരിസരത്തുമായി ചെടികൾ വച്ച് പിടിപ്പിക്കുകയും കുട്ടികൾക്ക് വൃക്ഷത്തൈകൾ വിതരണം ചെയ്യുകയും

ചെയ്തു. എക്കോ ക്ലബിന്റെ നേതൃത്വത്തിൽ വിവിധ മത്സരങ്ങളും ബോധവത്കരണ പരിപാടികളും നടത്തി. പേപ്പർ ബാസ്കറ്റ് നിർമ്മാണ പ്രദർശനം നടത്തി. കുട്ടികൾ വിവിധ പ്ലക്കാർഡുകൾ ഉണ്ടാക്കി കൊണ്ട് വന്ന് പ്രദർശിപ്പിച്ചു.










പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈകൾ നടുന്നു.

പരിസ്ഥിതി ദിന പ്ലക്കാർഡുമായി കുട്ടികൾ

## ലിറ്റിൽ കൈറ്റ്സിന്റെ ആദ്യ പരിശീലനം(ജൂൺ 6 2018)

അദ്ധ്യയന വർഷത്തിലെ ലിറ്റിൽകൈറ്റ്സിന്റെ ആദ്യ പരിശീലനം 6.6.2018 ന് ശ്രീമതി രാജശ്രീ ടീച്ചർ ഉദ്ഘാടനം ചെയ്തു. പ്രസ്തുത പരിപാടിയിൽ മുഖ്യ പരിശീലകയായി എത്തിയത് സൗത്ത് സോൺ മാസ്റ്റർ ട്രെയിനർ പ്രിയ ടീച്ചറാണ്. ക്ലാസ് അമിന ടീച്ചറിന്റെയും പ്രിയ ടീച്ചറുടെയും നേതൃത്വത്തിലാണ് നടന്നത്. അനിമേഷൻ, ആപ്പ് നിർമാണം എന്നീ മേഖലകളിലൂടെ ക്ലാസ് കടന്നു പോയി.


## COTSA യുടെ അഞ്ചാമത്തെ ബാച്ചിന്റെ ഉദ്ഘാടനം(ജൂൺ 8 2018)

കോട്ടൺഹിൽ സ്കൂളിലെ കുട്ടികളുടെ പുരോഗതി ലക്ഷ്യം വച്ചുകൊണ്ട് COTSA നടത്തുന്ന ക്ലാസിന്റെ അഞ്ചാമത്തെ ബാച്ചിന്റെ ഉദ്ഘാടനം കവി ശ്രീ മുരുകൻ കാട്ടാക്കട നിർവ്വഹിച്ചു. വാർഷിക മൂല്യനിർണയത്തിൽ മികച്ച വിജയം കൈവരിക്കുന്ന ഏഴാം ക്ലാസിലെ 50 വിദ്യാർത്ഥികളെയാണ് ഇതിൽ പങ്കാളിയാക്കുന്നത്. ഇവർക്ക് 2 വർഷം നീണ്ടുനിൽക്കുന്ന പരിശീലനം എല്ലാ ശനിയാഴ്ച്ചയും രാവിലെ മുതൽ വൈകുന്നേരം വരെയാണ്. അക്ഷരശ്ലോകം, കഥാരചന, പ്രസംഗം എന്നിവയും കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്തുകയാണ് ഈ വർഷത്തെ പരിപാടികൾ.

## വായനാ ദിനാചരണം(ജൂൺ 19 2018)

വായനാശീലം വളർത്താനും അതിനെ പരിപോഷപ്പിക്കാനും ഓരോരുത്തരെയും ഓർമ്മിപ്പിക്കുന്ന വായനാദിനം ജൂൺ 19ാം തീയതി വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. ശാരീരിക വൈകല്യങ്ങളെ മനക്കരുത്ത് കൊണ്ട് കീഴടക്കിയ പ്ലസ് ടു വിദ്യാർത്ഥിനിയായ നേഹ ഡി തമ്പാനായിരുന്നു ഈ ദിനത്തിലെ മുഖ്യ അതിഥി. ഉദ്ഘാടന പ്രസംഗത്തിൽ തന്റെ കുഞ്ഞനുജത്തിമാർക്കായി വായനയുടെ മഹത്വത്തെ കുറിച്ചുള്ള കാര്യങ്ങൾ പകർന്നു നൽകി. സ്കൂൾ ലൈബ്രറിയിലേക്ക് മൂന്നു പുസ്തകങ്ങളും സംഭാവന ചെയ്തു.

## ഔഷധസസ്യോദ്യാനം
## സംസ്ഥാനതല ഉദ്ഘാടനം (ജൂൺ 19 2018)


ഗവ. കോട്ടൺഹിൽ സ്കൂളിൽ ഔഷധ സസ്യോദ്യാനത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് അശോക വൃക്ഷത്തൈ നടുന്ന മന്ത്രി വി.എസ്.സുനിൽകുമാർ. ഡപ്യൂട്ടി മേയർ രാഖി രവികുമാർ, പ്രിൻസിപ്പൽ എ.ആർ.ജസീല തുടങ്ങിയവർ സമീപം.

**ലക്ഷ്മിതരു, ആര്യവേപ്പ്, അശോകം....**
**കോട്ടൺഹിൽ സ്കൂളിന് ഔഷധത്തോട്ടം**

തിരുവനന്തപുരം● കോട്ടൺഹിൽ സ്കൂളിന് ഇനി സ്വന്തമായി ഔഷധത്തോട്ടം. ലക്ഷ്മിതരു, ആര്യവേപ്പ്, അശോകം, കറ്റാർവാഴ, ആടലോടകം തുടങ്ങി മുപ്പതോളം ഇനം ഔഷധച്ചെടികൾ സ്കൂൾ വളപ്പിൽ നട്ടുപിടിപ്പിച്ചു. യുപി വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടത്തിനു പുറകിലെ മൂന്നു സെന്റ് സ്ഥലത്താണ് ഔഷധത്തോട്ടം സജ്ജമാക്കിയത്.

ചെടികളുടെ പരിപാലനം അധ്യാപകരുടെ മേൽനോട്ടത്തിൽ വിദ്യാർഥികൾ നടത്തും.

ഔഷധത്തോട്ട നിർമാണത്തിന്റെ ഉദ്ഘാടനം മന്ത്രി വി.എസ്.സുനിൽകുമാർ നിർവഹിച്ചു.

ഡപ്യൂട്ടി മേയർ രാഖി രവികുമാർ, പ്രിൻസിപ്പൽ എച്ച്എം എ.ആർ.ജസീല, അഡീഷനൽ എച്ച്എം രാജശ്രീ, നാഗാർജുന ഹെർബൽസ് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

എല്ലാ വിദ്യാലയത്തിലും ഓരോ ഔഷധസസ്യോദ്യാനം എന്ന ലക്ഷ്യത്തിനായി കേരളസർക്കാരും നാഗാർജ്ജുനയും സംയുക്തമായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നമ്മുടെ സ്കൂളിൽ എസ്.എം.സി. ചെയർമാൻ അരവിന്ദന്റെ അധ്യക്ഷതയിൽ മന്ത്രി ശ്രീ വി.എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. അശോകവൃക്ഷത്തിന്റെ തൈ കൈമാറിയാണ് ഉദ്ഘാടനം നിർവ്വഹിച്ചത്.

## പഠനോപകരണങ്ങളുടെ വിതരണം(ജൂൺ 25 2018)

ചിന്മയ വിദ്യാലയയുടെ 50ാം വാർഷികം പ്രമാണിച്ച് ഒരു സത്കർമ്മം ചെയ്യുക എന്നതായിരുന്നു അവരുടെ തീരുമാനം. അതിനായി നമ്മുടെ സ്കൂളിൽ നിന്ന് നിർധനരായ 50 വിദ്യാർത്ഥികൾക്ക് ഒരു വർഷത്തേക്കുള്ള പഠനോപകരണങ്ങൾ നൽകുക എന്നതായിരുന്നു അവരുടെ തീരുമാനം. ചിന്മയ വിദ്യാലയയുടെ പ്രിൻസിപ്പൽ അർച്ചലത ടീച്ചർ കുട്ടികൾക്ക് പഠനോപകരണ കിറ്റുകൾ വിതരണം ചെയ്തു.

## ഡിജിറ്റൽ ലൈബ്രറിയുടെ ഉദ്ഘാടനം(ജൂൺ 28 2018)

വായനോത്സവത്തോടനുബന്ധിച്ച് പി.എൻ. പണിക്കർ ഫൗണ്ടേഷൻ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഡിജിറ്റൽ ലൈബ്രറിയുടെ ഉദ്ഘാടനം 28.08.2018 ന് എം.എൽ.എ. വി.എസ്. ശിവകുമാർ നിർവഹിച്ചു. വീട്ടിലിരുന്നു കൊണ്ട് തന്നെ 1.7 കോടി പുസ്തകങ്ങൾ 200 ഭാഷകളിലായി വായിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമാക്കുന്നത്. ഈ കാലഘട്ടം അറിവിന്റെ കാലഘട്ടമാണ് എന്ന സന്ദേശം പകർന്നു നൽകികൊണ്ടാണ് പദ്ധതി ഉദ്ഘാടനം ചെയ്തത്.
(അധികവായനയ്ക്ക് ; https://schoolwiki.in/ഗവൺമെന്റ്_ഗേൾസ്_എച്ച്.എസ്._എസ്_,കോട്ടൺഹിൽ)

## പ്രതിഭാ സംഗമം(ജൂലൈ 16 2018)

എം.എൽ.എ. ശ്രീ വി.എസ്. ശിവകുമാർ തിരുവനന്തപുരം മണ്ഡലത്തിലെ SSLC, +2, MBBS, IAS എന്നീ മേഖലകളിൽ ഉന്നത വിജയം കൈവരിച്ച പ്രതിഭകളെ ക്ഷണിച്ച് ആദരിച്ചു. എം.എൽ.എ. വി.എസ്. ശിവകുമാർ അധ്യക്ഷത വഹിച്ച പ്രസ്തുത ചടങ്ങ് പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം പാർലമെന്റ് നിയോജക മണ്ഡലം എം.പി. ഡോ. ശശി തരൂർ മുഖ്യപ്രഭാഷണം നടത്തി.

## ശാസ്ത്രജ്ഞനമായി ഒരു ദിവസം (ജൂലൈ 20 2018)

മനുഷ്യൻ ചന്ദ്രനിൽ കാലു വച്ചിട്ട് 50 വർഷം തികയുന്നു. ജൂലൈ 21 ചാന്ദ്രദിനത്തിന്റെ ഭാഗമായി സാമൂഹ്യ ശാസ്ത്ര ക്ലബും ശാസ്ത്ര ക്ലബും സംയുക്തമായി സംഘടിപ്പിച്ച സെമിനാർ ശാസ്ത്രകുതുകികൾക്കായി ഡോ.പി. അരുൺ കുമാർ അവതരിപ്പിച്ചു. ISRO യുടെ നാഴികകല്ലുകളായ മംഗൾയാൻ, ചാന്ദ്രയാൻ എന്നിവയിൽ പങ്കാളിയായിരുന്നു ഇദ്ദേഹം.

ഈ ദിവസം റെയിൽവേ സുരക്ഷയെക്കുറിച്ചുള്ള ഒരു ബോധവൽക്കരണ പരിപാടി നടത്തി.

## ചാന്ദ്രദിന അസംബ്ലി(ജൂലൈ 21 2018)

മനുഷ്യൻ ചന്ദ്രനിൽ കാലുകുത്തിയ 50 വർഷം പൂർത്തിയായി. 21.07.2018 ന് ആ സുന്ദരമുഹൂർത്തം നമ്മുടെ സ്കൂളിൽ വിവിധ പരിപാടികളോടെ ആഘോഷിച്ചു. ഇന്നത്തെ കുട്ടികളാണ് നാളത്തെ ശാസ്ത്രജ്ഞൻമാർ  ഉദ്ഘാടന പ്രസംഗത്തിൽ ജസീല ടീച്ചർ പങ്കുവച്ച വാക്യം. ചാന്ദ്രപഠനം, ചാന്ദ്രയാൻ ദൗത്യം എന്നിവയെക്കുറിച്ച് അറിവുകൾ പകർന്നു നൽകുകയും വിവിധ മത്സരങ്ങളിൽ വിജയിച്ച് കുട്ടികൾക്ക് സമ്മാനങ്ങളും വിതരണം ചെയ്തു.

## ക്ലബുകളുടെ ഉദ്ഘാടനം(ജൂലൈ 27 2018)

അദ്ധ്യയന വർഷത്തിലെ ക്ലബുകളുടെ ഉദ്ഘാടനത്തിന് മുഖ്യ അതിഥി കേരളത്തിന്റെ വാനമ്പാടി കെ.എസ്. ചിത്ര ആയിരുന്നു. പ്രസ്തുത ചടങ്ങിൽ എസ്.എം.സി വൈസ് ചെയർപേഴ്സൺ അനുഷ അധ്യക്ഷത വഹിച്ചു. കലാ ക്ലബിന്റെ ഉദ്ഘാടനം ശ്രീമതി കെ.എസ്. ചിത്ര നിർവ്വഹിച്ചു. ചിത്രയുടെ പിറന്നാളായ അന്നേ ദിവസം എല്ലാ കുട്ടികളും Birthday song പാടി പിറന്നാളാശംസകൾ നേർന്നു. കുട്ടികളുടെ നിർബന്ധപ്രകാരം രാജഹംസമേ എന്നു തുടങ്ങുന്ന ഗാനം ആലപിച്ചു. പിറന്നാൾ സമ്മാനമായി 57 ഗാനങ്ങൾ കോർത്തു രൂപപ്പെടുത്തിയ ഗാനാർച്ചന നടത്തി. തുടർന്ന് ഹാസ്യസാമ്രാട്ട് ശ്രീ സുകുമാർ ഭാഷ ക്ലബുകളുടെ ഉദ്ഘാടനം നിർവ്വഹിച്ചു.  IT, സാമൂഹ്യ,ശാസ്ത്ര ക്ലബുകളുടെ ശ്രീ അച്ചുത് ശങ്കർ സാർ നിർവഹിച്ചു. വിവിധ കലാപരിപാടികൾ കൊണ്ട് വേദി ധന്യമാക്കി.




ക്ലബ് ഉദ്ഘാടന ദിനത്തിൽ ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾ അവതരിപ്പിച്ച സ്കിറ്റ്






## നൂറ്റാണ്ടിലെ ഏറ്റവും നീളം കൂടിയ ചന്ദ്രഗ്രഹണം(ജൂലൈ 27 2018)

നൂറ്റാണ്ടിലെ ഏറ്റവും നീളം കൂടിയ ചന്ദ്രഗ്രഹണം 27.07.2018 നായിരുന്നു. കുട്ടികൾക്ക് ഈ പ്രതിഭാസം കാണിച്ചു കൊടുക്കുന്നതിനായി സാമൂഹ്യശാസ്ത്ര ക്ലബ്ബും ലിറ്റിൽ കൈറ്റ്സും സംയുക്തമായി വീഡിയോ പ്രദർശനം ഉണ്ടായിരുന്നു. Stellarium ആപ്പിലൂടെയായിരുന്നു പ്രദർശനം. ചന്ദ്രഗ്രഹണത്തെക്കുറിച്ചുള്ള അറിവ് വർദ്ധിപ്പിക്കുന്നതിനായി ക്ലാസ് മുറിയിൽ മനോഹരമായ ചാർട്ടുകൾ കൊണ്ട് നിറച്ചു. ആദ്യ ഷോയിൽ തന്നെ 25 ഓളം കുട്ടികൾ പങ്കെടുത്തു.







## ഗണിതവിസ്മയം (ആഗസ്റ്റ് 04 2018)

കുട്ടികളിൽ ഗണിതം വിസ്മയകരമാക്കാൻ നമ്മുടെ സ്കൂളിൽ 04.08.2018 ന് ഗണിത ക്ലബിന്റെ നേതൃത്വത്തിൽ ഒരു One Day Camp സംഘടിപ്പിച്ചു. ഗണിത ക്ലബിലെ 150 കുട്ടികളാണ് ഇതിൽ പങ്കെടുത്തത്. പ്രധാനമായും ക്ലാസ് എടുത്തത് കൃഷ്ണൻ മാഷായിരുന്നു. ഗണിത ചിന്തകളും ഗണിത കളികളും കൊണ്ട് സമ്പുഷ്ടമായിരുന്നു മാഷിന്റെ ക്ലാസ്. Asianet Adisankara young scientist award എന്ന പരിപാടിയിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ ഇഷാനി ആർ കമ്മത്തിനെ പ്രത്യേകം അഭിനന്ദിച്ചു. ടാൻഗ്രാം ആക്ടിവിറ്റിക്ക് നേതൃത്വം നൽകിയത് ബീന ബി.സി. ടീച്ചറായിരുന്നു. 10 ഗ്രൂപ്പുകളായി തിരിഞ്ഞു ടാൻഗ്രാം ഉണ്ടാക്കി. ഇതിന്റെ ഭാഗമായി ഒരു രാമനുജൻ സെമിനാർ മത്സരം നടത്തി. കൂടാതെ ദേശീയ പതാക നിർമ്മാണവും ഗണിത മോഡലുകളുടെ നിർമ്മാണ പരിശീലനവും നടത്തി.











## ലിറ്റിൽ കൈറ്റ്സ് : സ്കൂൾ തല ക്യാമ്പ്(ആഗസ്റ്റ് 04 2018)

ലിറ്റിൽ കൈറ്റ്സിന്റെ സ്കൂൾ തല ക്യാമ്പ് രാജശ്രീ ടീച്ചർ ഉദ്ഘാടനം ചെയ്തു. ഈ ക്യാമ്പിൽ മിടുക്കരായി പ്രവർത്തനം കാഴ്ച വയ്ക്കുന്ന കുട്ടികളെയാണ് ഉപജില്ലാ ക്യാമ്പിലേക്കു തിരഞ്ഞെടുക്കുന്നതെന്ന കാര്യം ടീച്ചർ അറിയിച്ചു. റിസോഴ്സ് പേഴസ്ൺ ശ്രീ അരുൺ സാറാണ് ക്യാമ്പ് കൈകാര്യം ചെയ്തത്. Audacity, audio video mixing എന്നിവയായിരുന്ന പ്രധാന മേഖലകൾ. ക്ലാസ് നടക്കുന്ന വേളയിൽ ലിറ്റിൽ കൈറ്റ്സിന്റെ മാസ്റ്റർ ട്രേയിനർ ഷീബ മാഡം ക്ലാസിന്റെ ഒരു ഭാഗമായി. മാഡം ലിറ്റിൽ കൈറ്റ്സിനെ കുറിച്ച് ഒരു ലഘു വിവരണം നൽകി.



screenshot of product from camp



## കിള്ളിയാർ സംരക്ഷണം(ആഗസ്റ്റ് 10 2018)




കിള്ളിയാർ സംരക്ഷിക്കാനുള്ള നഗരസഭയുടെ ബോധവത്കരണം 10.08.2018 ന് രാജശ്രീ ടീച്ചറുടെ അധ്യക്ഷതയിൽ ഡെപ്യൂട്ടി മേയർ രാഖി രവികുമാർ നിർവ്വഹിച്ചു. നഗരസഭയുടെ നാല് പ്രധാനപ്പെട്ട മിഷനുകളിൽ ആദ്യത്തേതായ ഹരിത കേരള മിഷന്റെ ആദ്യ ചുവടുവയ്പ്പാണ് കിള്ളിയാർ സംരക്ഷണ മിഷൻ. മുഖ്യപ്രഭാഷണം നടത്തിയത് ശ്രീമതി രാഖി രവികുമാറാണ്. കിള്ളിയാറിനെ കുറിച്ചൊരു ലഘു വിവരണം നൽകി. തുടർന്ന് കിള്ളിയാർ സംരക്ഷണ പ്രതിജ്ഞ ചൊല്ലി.

## കാൽനട മേൽപ്പാലത്തിന്റെ ഉദ്ഘാടനം(ആഗസ്റ്റ് 10 2018)

കേരളത്തിലെ തന്നെ ആദ്യ കാൽനടമേൽപ്പാലത്തിന്റെ ഉദ്ഘാടനം നമ്മുടെ സ്കൂളിൽ വച്ച് 10.08.2018 ന് നടന്നു. ശ്രീമതി രാഖി രവികുമാറിന്റെ അധ്യക്ഷതയിൽ മേയർ ശ്രീ വി.കെ. പ്രശാന്ത് ഉദ്ഘാടന സമ്മേളനം ഉദ്ഘാടനം ചെയ്തു. കാൽനട മേൽപ്പാലത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് മന്ത്രി കടകംപള്ളി സുരേന്ദ്രനായിരുന്നു. നഗരസഭ standing committe അംഗങ്ങൾ, ശ്രീ ഗോപൻ, മജീഷ്യൻ ഗോപിനാഥ് മുതുകാട്, Sun infrastructure ചെയർമാൻ എ.ആർ. സലിം, പ്രധാനധ്യാപകർ, ശ്രീ മോഹൻകുമാർ IPS, DGP ശ്രീ ലോക് നാഥ് ബെഹ്റ എന്നിവർ വേദി ധന്യമാക്കി.

## സ്വാതന്ത്ര്യദിനാഘോഷം(ആഗസ്റ്റ് 15 2018)

ഭാരതത്തിന്റെ 71ാം സ്വാതന്ത്ര്യദിനാഘോഷം നമ്മുടെ സ്കൂളിലും സമുചിതമായി ആഘോഷിച്ചു. എച്ച്.എം. ജസീല ടീച്ചർ പതാക ഉയർത്തി. തുടർന്ന എൻ.സി.സി. അംഗങ്ങളുടെ പരേഡ് നടന്നു. സ്വാതന്ത്ര്യദിനത്തിനോട് അനുബന്ധിച്ചുനടന്ന പരിപാടികളുടെ സമ്മാനവിതരണവും നടന്നു.






കുട്ടികളുടെ വിവിധ സന്ദേശങ്ങൾ, ദേശഭക്തിഗാനങ്ങൾ തുടങ്ങിയ പരിപാടികൾ നടത്തി. SPC, NCC, റെഡ് ക്രോസ് തുടങ്ങിയവർ ഫ്ലാഗ് സല്യൂട്ട് നടത്തി. NSS, ഗ്രീൻ ആർമി നേതൃത്വത്തിൽ സ്കൂൾ വൃത്തിയാക്കി. ഗണിത ക്ലബ് പേപ്പർ പതാകകൾ ഉണ്ടാക്കി നൽകി. തുടർന്ന് കാർഗിൽ യുദ്ധത്തിൽ മരിച്ച ഗണ്ണർ ഷിജുകുമാറിന്റെ സ്മൃതി മണ്ഡപം സന്ദർശിച്ചു. വീട്ടുകാരുമായി കുറച്ച സമയം ചിലവഴിച്ചു.

## കിറ്റ് നിറയെ സ്നേഹവുമായി കോട്ടൺഹിൽ(സെപ്റ്റംബർ 3 2018)

നമ്മുടെ സ്കൂളിലെ വിദ്യാർത്ഥിനികളും അധ്യാപികരും എസ്.എം.സിയും ചേർന്ന് സംഭരിച്ച 2 ലക്ഷം രൂപയുടെ പഠനോപകരണങ്ങൾ മഴക്കീർ യു.പി. സ്കൂൾ, മുളക്കുഴ എൽ.പി. സ്കൂൾ, കല്ലിശേരി യു.പി. സ്കൂൾ എന്നിവടങ്ങളിൽ വിതരണം ചെയ്തു. നമ്മുടെ സ്കൂളിലെ വിദ്യാർത്ഥിനികളാണ് ഇതിനായി 2000 നോട്ട്ബുക്ക് സമാഹരിച്ചത്. സ്കൂൾ ബാഗുകൾ, വാട്ടർബോട്ടിൽ, പേന, പ്ലേറ്റ്, ഗ്ലാസ് ഉടങ്ങിയവ അധ്യാപകരും കണ്ടെത്തി. ലൈബ്രറിയിലേക്കുള്ള പുസ്തകങ്ങൾ എത്തിച്ചത് സ്കൂൾ മാനേജ്മെന്റ് കമ്മറ്റിയാണ്. ഒന്നരലക്ഷം രൂപയുടെ കിറ്റുകളും പ്ലേറ്റുകളും ഗ്ലാസുകളും മഴക്കീർ യു.പി. സ്കൂളിൽ വിതരണം ചെയ്തു.





കിറ്റ് നിറയെ സ്നേഹവുമായി കോട്ടൺഹിൽ



## അധ്യാപക ദിനം (സെപ്റ്റംബർ 5 2018)

സെപ്റ്റംബർ 5 അധ്യാപകദിനത്തിൽ ഗണിതക്ലബിലെ കുട്ടികൾ സ്കൂളിലെ എല്ലാ അധ്യാപകർക്കും ആശംസാകാർഡ് നൽകുകയും, പിരീഡുകളിൽ നേരത്തെ തയാറാക്കിയ കുട്ടി അധ്യാപികമാർ ക്ലാസ് എടുക്കുകയും ഉണ്ടായി.



## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള ഫണ്ട് പിരിവ്(സെപ്റ്റംബർ 11 2018)

കേരളത്തിൽ 2018 ലുണ്ടായ അസാധാരണമായ ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള ഫണ്ട് സമാഹാരം 11.09.2018 ന് ദേവസ്വം വകുപ്പ് മന്ത്രി ശ്രീ കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. 2018 ൽ കേരളത്തിലുണ്ടായി ഓഖി, വെള്ളപ്പൊക്കം എന്നിവ സംസ്ഥാനത്ത് വരുത്തി വച്ച് ദുരിതങ്ങളും രക്ഷാപ്രവർത്തനങ്ങളും മന്ത്രി വിശദീകരിച്ചു. ഇതിന് ആശ്വാസം നൽകുന്നതിനായി എല്ലാ വിദ്യാർത്ഥിനികളും കഴിവിന് അനുസരിച്ച് സഹായിച്ച് പങ്കാളികളാകുവാൻ അദ്ദേഹം നിർദ്ദേശിച്ചു. തുടർന്ന് സ്കൂളിൽ ശേഖരിച്ച ഫണ്ട് മന്ത്രിയ്ക്ക് കൈമാറി.

## നാസയിലേക്ക് ഇഷാനി( സെപ്റ്റംബർ 19 2018)



**Adisankara the young scientist Award** പരിപാടിയിൽ **മൂന്നാം സമ്മാനം** കരസ്ഥമാക്കി നാസയിലേക്ക് പോകുന്ന ഇഷാനി ആർ കമ്മത്തിന് ആദരിക്കുക എന്നതായിരുന്ന അസംബ്ലിയുടെ ലക്ഷ്യം. ഈ പരിപാടിയിൽ ഇഷാനി അവതരിപ്പിച്ച പ്രോജക്ടിനെ കുറിച്ച് വിശദീകരിക്കുകയും ഇതിൽ മുഖ്യ പങ്കു വഹിച്ച അമിന റോഷ്നി ടീച്ചറിനെ ആദരിക്കുകയും ചെയ്തു.

## നാളം പദ്ധതിയുടെ ഉദ്ഘാടനം( സെപ്റ്റംബർ 29 2018)

മെഡിക്കൽ കോളേജിലെ രോഗികൾക്കായി നമ്മുടെ സ്കൂളിലെ എൻ.എസ്.എസിന്റെ ആഭിമുഖ്യത്തിൽ 28.09.2018 ന് നാളം പദ്ധതിയുടെ ഉദ്ഘാടനം എം.എൽ.എ. വി.എസ്. ശിവകുമാർ നിർവഹിച്ചു. മെഡിക്കൽ കോളേജിലെ രോഗികൾക്കായി ബെഡ്ഷീറ്റ് സൗജന്യമായി നൽകുക എന്നതാണ് പ്രധാന ലക്ഷ്യം. അതോടൊപ്പം ബാക്കി വരുന്ന തുക അന്യസംസ്ഥാന തൊഴിലാളികളുടെ ചികിത്സാ ഫണ്ടിലേക്ക് സംഭാവന ചെയ്തു. ഡോ. എം.എസ്. ഷംനാദിന് ബെഡ്ഷീറ്റ് നൽകിയാണ് ഉദ്ഘാടനം നിർവഹിച്ചത്.




## Career Guidance( 28.09.2018)

പത്താം ക്ലാസിലെ വിദ്യാർത്ഥികൾക്കായി 28.09.2018 ഉച്ചയ്ക്ക് 2 മണിയ്ക്ക് ഒരു career guidance ക്ലാസ് നടത്തപ്പെട്ടു. JEE, NEET, KEAM, തുടങ്ങിയ പരീക്ഷകളിൽ പങ്കെടുക്കുമ്പോൾ വേണ്ട കാര്യങ്ങളെ കുറിച്ചായിരുന്നു ക്ലാസ്.

## Schoolwiki Award(4.10.2018)

ഈ വർഷത്തെ തിരുവനന്തപുരം ജില്ലയിലെ രണ്ടാംമത്തെ മികച്ച Schoolwiki-ക്കുളള അവാർഡ് നമ്മുടെ സ്കൂളിനാണ് ലഭിച്ചത്.4.10.2018 ന് മലപ്പുറം ഗവഃ ഗേൾസ് സ്കൂളിൽ വച്ച് പുരസ്കാരം വിദ്യാഭ്യാസ മന്ത്രി ശ്രീ.രവീന്ദ്രനാഥ് Kitemistress ശ്രീമതി. അമിന റോഷ്നി ടീച്ചറിന് കൈമാറി.






**Screen shot of our school page in schoolwiki**

# സ്കൂൾ ശാസ്ത്രമേള(ഒക്ടോബർ 9 2018)

അദ്ധ്യയന വർഷത്തിലെ സ്കൂൾ ശാസ്ത്രമേളയ്ക്ക് 09.10.2018 ന് തിരിതെളിഞ്ഞു. എല്ലാം വർഷത്തെയും പോലെ വിവിധ മേളകൾകൊണ്ട് വിപുലമായി നടത്തി. രാവിലെ 10.00 മണിക്ക് ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് വിവിധ ക്ലാസ് മുറികളിലായി മേളകൾ സംഘടിപ്പിച്ചു.





ശാസ്ത്രമേളയിൽ കുട്ടികൾ

# സ്കൂൾ കലോത്സവം(11.10.2018)

അദ്ധ്യയന വർഷത്തിലെ സ്കൂൾ കലോത്സവത്തിന് 11.10.2018 ന് തിരിതെളിഞ്ഞു. അടുത്തിടെ അന്തരിച്ച പ്രശസ്ത വയലിനിസ്റ്റ് ബാലഭാസ്കറിന് ഗാനാർച്ചന അർപ്പിച്ചുകൊണ്ടായിരുന്നു ഈ വർഷത്തെ കലോത്സവത്തിന് തുടക്കം കുറിച്ചത്. രണ്ട് ദിവസം നീണ്ടു നിന്ന പരിപാടികൾക്ക് 12.10.2018 ന് തിരശ്ശീല വീണു.





## സ്കൂൾ പാർലമെന്റ് ഇലക്ഷൻ(22.10.2018)

22.10.18 ന് ഈ വർഷത്തെ സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടന്നു. 10 മണി മുതൽ 12 മണിവരെ ആയിരുന്നു സമയം. അതേ ദിവസം ക്ലാസ് ലീഡർമാരുരടെ സത്യപ്രതിജ്ഞയും സ്കൂൾ കൗൺസിൽ അംഗങ്ങളുടെ തിരഞ്ഞെടുപ്പും നടന്നു.


## സ്കൂൾ കൗൺസിൽ അംഗങ്ങളുടെ സത്യപ്രതിജ്ഞ(22.10.2018)

സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പിലെ സ്കൂൾ കൗൺസിൽ ഭാരവാഹികളുടെ സത്യപ്രതിജ്ഞ നടന്നു. ചെയർപേഴ്സൺ വർണ ടിക്ക് പ്രിൻസിപ്പൽ പ്രീത ടീച്ചർ സത്യവാചകം ചൊല്ലിക്കൊടുത്തു. മറ്റ് അംഗങ്ങൾക്ക് ചെയർപേഴ്സൺ സത്യവാചകം ചൊല്ലിക്കൊടുത്തു. തുടർന്ന് അമേരിക്കയിൽ നിന്ന് ഇഷാനി ആർ കമ്മത്ത് കൊണ്ടു വന്ന ഓസ്കാർ അവാർഡുകൾ ജസീല ടീച്ചർക്കും അമിന റോഷ്നി ടീച്ചർക്കും സമ്മാനിച്ചു.

## സ്കൂൾ ബസിന്റെ ഉദ്ഘാടനം(26.10.2018)

ബഹുമാനപ്പെട്ട എം.എൽ.എ ശ്രീ വി.എസ്. ശിവകുമാറിന്റെ വികസന ഫണ്ടിൽ നിന്ന് അനുവദിച്ച പുതിയ സ്കൂൾ ബസിന്റെ ഉദ്ഘാടനം 26.10.2018 ന് നടന്നു. എസ്.എം.സി ചെയർമാൻ അരവിന്ദന്റെ അധ്യക്ഷതയിൽ എം.എൽ.എ. വി.എസ്. ശിവകുമാർ ഉദ്ഘാടനം നിർവഹിച്ചു. അതിനു ശേഷം ബസിന്റെ താക്കോൽ ജസീല ടീച്ചറിനു കൈമാറുകയും ബസ് ഫ്ലാഗ് ഓഫ് ചെയ്യുകയും ചെയ്തു. ഈ സന്തോഷത്തിൽ സ്കൂളിലെ എല്ലാ കുട്ടികൾക്കും മധുരം വിതരണം ചെയ്തു.





# കേരളപ്പിറവി ദിനം (01.11.2018)

### നവകേരളം കുട്ടികളുടെ ഭാവനയിൽ

നവകേരള നിർമ്മിതിയെ കുറിച്ചുള്ള കുട്ടികളുടെ ചിന്തകൾ ചിത്രങ്ങളായും കവിതകളായും ഉപന്യാസങ്ങളായും സ്കൂൾ ഓഡിറ്റോറിയത്തിൽ പ്രദർശപ്പിച്ചു. പ്രസ്തുത പരിപാടിയിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി ശ്രീ രവീന്ദ്രനാഥ് പങ്കെടുത്തു.










# ശിശുദിനാഘോഷം(14.11.2018)

ശിശുദിനാഘോഷത്തിന്റെ ഭാഗമായി സ്കൂളിൽ സ്പെഷ്യൽ അസംബ്ലി നടത്തുകയുണ്ടായി. ശിശുക്ഷേമസമിതി നടത്തിയ ശിശുദിനറാലിയിൽ സ്കൂളിൽ നിന്ന് കുട്ടികൾ പങ്കെടുത്തു. 'നവകേരള നിർമ്മിതിയ്ക്കായി നമുക്ക് ഒരുമിക്കാം' എന്ന ആശയത്തിൽ മത്സരിച്ച സ്കൂൾ ടീമിന് മൂന്നാം സ്ഥാനം ലഭിച്ചു.













## സ്കൂൾ ഭക്ഷ്യമേള (22.11.2018)

2018-19 വർഷത്തിലെ സ്കൂൾ ഭക്ഷ്യമേള ഡെപ്യൂട്ടി മേയർ ശ്രീമതി രാഖി രവികുമാർ ഉദ്ഘാടനം ചെയ്തു. കുട്ടികളുടെ വിവിധ വിഭവങ്ങളോടെ ഭക്ഷ്യമേള സമ്പുഷ്ടമായി.












## നവോത്ഥാന ക്യാമ്പെയിൻ(26.11.2018)

ക്ഷേത്രപ്രവേശനവിളംബര ദിനത്തോടനുബന്ധിച്ച് നവോത്ഥാന സന്ദേശങ്ങൾ കുട്ടികളിൽ എത്തിക്കുന്നതിന്റെ 'നവോത്ഥാന ക്യാമ്പെയിനി'ന്റെ സംസ്ഥാനതല ഉദ്ഘാടനം ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി ശ്രീ രവിന്ദ്രനാഥ് കോട്ടൺഹിൽ സ്കൂളിൽ ഉദ്ഘാടനം ചെയ്തു. ഇൻഫോർമേഷൻസ് പ്ലബിക് റിലേഷൻ വകുപ്പ് തയാറാക്കിയ മൗലിക അവകാശങ്ങൾ അടങ്ങിയ ബുക്കുകളും ചാർട്ടുകളും എല്ലാ ക്ലാസിനും കുട്ടികൾക്കും നൽകി. കൂടാതെ നവോത്ഥാന ചിന്തകളുടെ ഒരു പ്രദർശനവും നടത്തി.





നവോത്ഥാന ചിന്തകളുടെ ഒരു പ്രദർശനം

2018-19 അദ്ധ്യയന വർഷത്തിലെ ആദ്യത്തെ രണ്ട് ടേമുകളിലെ സ്കൂളിൽ നടന്ന പ്രധാനപ്പെട്ട പരിപാടികളുടെ ഡോക്യുമന്റേഷൻ ആണ് മുകളിൽ ചേർത്തിരിക്കുന്നത്. ഇത് തയാറാക്കാൻ സഹായിച്ച ഡോക്യുമെന്റേഷൻ ടീമംഗങ്ങൾക്കും അധ്യാപകർക്കും അനധ്യാപകർക്കും SMC/PTA അംഗങ്ങൾക്കും നന്ദി അർപ്പിക്കുന്നു.

(അധികവായനയ്ക്ക് ; https://schoolwiki.in/ഗവണ്മെന്റ്,_ഗേൾസ്_എച്ച്.എസ്._എസ്_,കോട്ടൺഹിൽ)



റാണി ലക്ഷ്മി

ലിറ്റിൽ കൈറ്റ്സ് ഡോക്യുമെന്റേഷൻ ടീം.

# സങ്കലിത വിദ്യാഭ്യാസം (Inclusive Education)

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കി വരുന്ന സങ്കലിതവിദ്യാഭ്യാസ പദ്ധതിയിലൂടെ ഗവ: ഗേൾസ് എച്ച്.എസ്.എസ്. കോട്ടൺഹില്ലിൽ വിവിധതരത്തിലുള്ള ഭിന്നശേഷിക്കാരായ 62 കുട്ടികൾ പഠിച്ചുവരുന്നു. മറ്റു കുട്ടികൾക്കൊപ്പം ക്ലാസ്റൂമിൽത്തന്നെ ഇരുന്ന് പഠനം നടത്തുന്ന ഈ കുട്ടികൾക്ക് ആവശ്യമായ പിന്തുണാസംവിധാനവും സേവനവും ഈ സ്കൂളിൽ ലഭിച്ചുവരുന്നു. റിസോഴ്സ് അധ്യാപിക, ബ്രെയ്‌ലിസ്റ്റ്, ആയ, റിസോഴ്സ് റൂം സംവിധാനങ്ങൾ എന്നിവ നിലവിലുണ്ട്. കുട്ടികൾക്കാവശ്യമായ അനുരൂപീകരണപ്രവർത്തനങ്ങൾ, മറ്റ് സഹായങ്ങൾ, വ്യക്തിഗതപരിശീലനം എന്നിവ നൽകുന്നു. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ(എല്ലാത്തിലും) CWSN ന്റെ പങ്കാളിത്തം ഉറപ്പാക്കുന്നു. (Std V – Std XII വരെ 12 കുട്ടികൾ) സ്കൂൾ കലോത്സവം, സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവം എന്നിവയിൽ കുട്ടികൾ പങ്കെടുക്കുന്നുണ്ട്. സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ Visually Impaired വിഭാഗത്തിൽ ഓവറോൾ കിരീടം നിലനിന്നിരുന്നത് ഈ വർഷവും നിലനിർത്താൻകഴിഞ്ഞു.








HDFC BANK
സമഗ്രശിക്ഷാ തിരുവനന്തപുരം
ലോകഭിന്നശേഷി വാരാചരണം 2018-201
വിളംബരജാഥ
യു.ആർ.സി തിരുവനന്തപുരം സൗത്ത്



# SPORTS

- Participation in national school hockey championship.
- Arya. Rajan was a participant in national boxing champion.
- Our proud students also participated in NET BALL, ROLLER SKATING, TABLE TENNIS in national level.
- Joicy Lambert and Subha lekshmi got 3rd place in state level fancing competion.
- Participation in State Net Ball competition by Preethi S.A & Krishna .S
- We got 1st place in state hockey championship.
- Anna Rose Raj participated in State Chess Championship.
- 1st place in hockey conducted by Senior women's association.
- 18 students participated in state level cycle polo.
- Arsha V.S participation in Yoga.






- 3 students from our school participated in national gymnastics championship.







Sports stars

Sports stars



# മലയാളം

വായിച്ചാലും വളരും
വായിച്ചില്ലേലും വളരും
വായിച്ചാൽ വിളയും
വായിച്ചില്ലേൽ വളയും

- കുഞ്ഞുണ്ണി മാഷ്

# പ്രളയം





2018 ആഗസ്റ്റ് മാസം നാം കണ്ടത് ജാതി-മത-വർഗ-ലിംഗ-വർണ ഭേദമില്ലാതെ മനുഷ്യത്വത്തെ നെഞ്ചോട് ചേർത്തു പിടിച്ച്, കേരളത്തെ ഇരുകൈകൊണ്ടും താങ്ങുന്ന കാഴ്ചയാണ്. 17300 വീടുകൾ പ്രളയത്തിൽ നഷ്ടമായി എങ്കിലും നമ്മുടെ ഭരണകൂടത്തിന്റെ മുന്നൊരുക്കവും ആസൂത്രണത്തോടും കൂടിയുള്ള പ്രവർത്തനവും, ഉറച്ചനിലപാടുകളും, നടപടികളുടെ വേഗതയും പ്രളയതീവ്രത കുറച്ചു. അതെ, തകഴിയുടെ പ്രസിദ്ധമായ ചെറുകഥ 'വെള്ളപ്പൊക്കത്തി' ലിന് പശ്ചാത്തലമായ 1924-ൽ ഉണ്ടായ 99-ലെ വെള്ളപ്പൊക്കത്തിന് ശേഷം കേരളീയർ കാണുന്നത് 2018-ലെ പ്രളയമാണ്. കേരളചരിത്രത്തിലാദ്യമായി 42 ഡാമുകളിൽ 39 ഓളം ഡാമുകൾ തുറന്നു. 26 വർഷങ്ങൾക്കു ശേഷം ഇടുക്കി ഡാമിന്റെ ഒരു ഷട്ടർ തുറക്കുകയും, ഒപ്പം കേരളത്തിൽ ആദ്യമായി ഇടുക്കി ഡാമിന്റെ അഞ്ച് ഷട്ടറുകൾ തുറക്കുകയും ചെയ്തു. ഡാമുകൾ തുറന്നതാണ് പ്രളയകാരണം എന്ന വാദം പരക്കുമ്പോൾ ഐ.ഐ.ടി. മദ്രാസ്, നാസ തുടങ്ങിയവരുടെ പഠനങ്ങൾ വ്യക്തമായി പറയുന്നു, ഈ വർഷം ലഭിച്ച അധികമഴയാണ് പ്രളയകാരണമെന്ന്. ഈ സാഹചര്യത്തിൽ എന്തു കൊണ്ട് മഴ കൂടുതലായി പെയ്തു എന്ന ചോദ്യം നമുക്കു നേരെ ഉയരുന്നു. 2011 ആഗസ്റ്റ് 31 ന് വന്ന മാധവ്ഗാഡ്ഗിൽ റിപ്പോർട്ടും 2013 ഏപ്രിൽ 15 ന് വന്ന കസ്തൂരിരംഗൻ റിപ്പോർട്ടും പരിഗണിക്കാതെയിരുന്നപ്പോൾ നാമാരും ക്രമാതീതമായ മഴയെക്കുറിച്ചോ, കാലവസ്ഥാമാറ്റത്തെക്കുറിച്ചോ ചിന്തിച്ചില്ല.

പ്രളയത്തെ വിശദമായി നിരീക്ഷിച്ചാൽ പ്രളയകാരണവും വ്യക്തമായി നമുക്ക് കാണാൻ സാധിക്കും. ആഗസ്റ്റ് 9 ന് ആണ് ഇടുക്കി ഡാമിന്റെ ഒരു ഷട്ടർ തുറന്നത്. ഒപ്പം ഇടുക്കി ജില്ലയിൽ അതിശക്തമായ മഴയും ഉരുൾപൊട്ടലും ഉണ്ടായി. ആഗസ്റ്റ് 10 ന് തന്നെ

ഇടുക്കിഡാമിന്റെ 5 ഷട്ടറുകളും തുറക്കുന്നു, പെരിയാർ നദി കരകവിഞ്ഞ് ഒഴുകുന്നു. ആഗസ്റ്റ് 11 ന് കുറഞ്ഞ മഴ, ആഗസ്റ്റ് 12 ഓടെ ശക്തമായി തിരിച്ചെത്തുന്നു. ആഗസ്റ്റ് 13 ന് കൂടുതൽ ഉരുൾപൊട്ടലുകൾ റിപ്പോർട്ട് ചെയ്യുകയും ആഗസ്റ്റ് 14 ന് കേരളത്തിലെല്ലായിടത്തും മഴ പെയ്യുകയും മൂന്നാർ ടൗൺ ഒറ്റപ്പെടുകയും പമ്പയിൽ ജലനിരപ്പ് ഉയരുകയും ചെയ്തു. ആഗസ്റ്റ് 15 ന് മുല്ലപ്പെരിയാർ ഡാമിൽ 140 അടിയിലേക്ക് ജലനിരപ്പുയർന്നതോടെ ഡാമിന്റെ 3 ഷട്ടറുകൾ തുറക്കുന്നു. 13 ജില്ലകളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചു. ആഗസ്റ്റ് 16 ന് നിർത്താതെ മഴ പെയ്യുകയും സംസ്ഥാനത്തെ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിക്കുകയും ചെയ്തു. 14-ൽ 12 ജില്ലകളിൽ പ്രളയം കാര്യമായി ബാധിച്ചതോടൊപ്പം നെടുമ്പാശ്ശേരി വിമാനത്താവളവും അടച്ചു. കര-വ്യോമ-നാവിക സേനകളും NDRF ഉം രക്ഷാപ്രവർത്തനത്തിനെത്തി. ആഗസ്റ്റ് 17 ന് രക്ഷാപ്രവർത്തനങ്ങൾ തുടരുകയും ആൾക്കാരെ ദുരിതാശ്വാസ കേന്ദ്രങ്ങളിലേക്ക് എത്തിക്കാനും തുടങ്ങി. ഒപ്പം കര-വ്യോമ ഗതാഗതവും അവതാളത്തിലായി. ആഗസ്റ്റ് 18 ന് പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും പ്രളയബാധിതപ്രദേശങ്ങൾ സന്ദർശിച്ചു. കൂടുതൽ ഹെലികോപ്റ്ററും, ബോട്ടുകളും ഒപ്പം വള്ളങ്ങളുമായി മത്സ്യത്തൊഴിലാളികളും രക്ഷാപ്രവർത്തനത്തിനായി എത്തി. ആഗസ്റ്റ് 19 ഓടു കൂടി ഗതാഗതം പുനസ്ഥാപിക്കുകയും രക്ഷാപ്രവർത്തനങ്ങൾ അവസാനഘട്ടത്തിലേക്ക് എത്തുകയും ഉണ്ടായി. ഇതാണ് ഓരോ ദിവസവും കേരളത്തിൽ പ്രളയകാലത്തുണ്ടായ മാറ്റങ്ങൾ.



പ്രളയകാലത്തെ മുഴുവൻ വിശദമായി പഠിച്ചാൽ വ്യക്തമാകുന്ന കാര്യങ്ങൾ നിരവധിയാണ്. 34732 കി.മീ. റോഡുകൾ നശിക്കുകയും 218 പാലങ്ങൾ തകരുകയും, 56000 ത്തിലധികം ഹെക്ടർ കൃഷിയിടങ്ങൾ നഷ്ടപ്പെടുകയും ചെയ്തു. കെട്ടിടങ്ങളുടെ നഷ്ടം വേറെ. ഇവയിൽ മിക്കവാറും അശാസ്ത്രീയമായി നിർമിച്ചവയാണ്. വയനാട്, ഇടുക്കി, കണ്ണൂർ, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഉരുൾപൊട്ടലിനെ തുടർന്ന് വൻ നാശനഷ്ടവും സംഭവിച്ചു. ആലുവ, റാന്നി, ചെങ്ങന്നൂർ, കൊടുങ്ങല്ലൂർ, ആലപ്പുഴ, പാലക്കാട്, കുട്ടനാട്, ഇടുക്കി തുടങ്ങിയ പ്രദേശങ്ങൾ പ്രളയത്തെ തുടർന്ന് മലിനമായി. പ്രളയബാധിതപ്രദേശങ്ങളെല്ലാം തന്നെ പ്രകൃതി ചൂഷണത്തിന് ഇരയായ പ്രദേശങ്ങളാണ് എന്ന് പഠനങ്ങളും തെളിയിക്കുന്നു. 33.3 മില്യൺ ജനങ്ങളിൽ 5.4 മില്യൺ ജനങ്ങളേയും പ്രളയം നേരിട്ട് ബാധിക്കുകയായിരുന്നു. 431 പേർ മരിച്ചു. ജീവജാലങ്ങളുടെ കണക്ക് വേറെ. 17300 വീടുകൾ നഷ്ടമായി. 3.17 ലക്ഷം കിണറുകൾ മലിനമായി. 1613 സ്കൂൾ കെട്ടിടങ്ങളും നഷ്ടമായി 13000 കോടി രൂപയുടെ വിളനാശവുമുണ്ടായി.


ഈ വർഷം നമുക്ക് ലഭിച്ച അധികമഴയാണ് പ്രളയകാരണമെന്ന് വ്യക്തം. എന്തുകൊണ്ടാണ് ഇത്തരം മാറ്റം ഉണ്ടാകുന്നത് എന്നാരും ചിന്തിക്കുന്നില്ല. കാലാവസ്ഥാവ്യതിയാനത്തിന് കാരണം പ്രകൃതിക്ക് മേലുള്ള കൈയ്യേറ്റമാണ്. കേരളത്തിൽ വനഭൂമി കുറയുന്നു. വയലുകളിലെ നെൽകൃഷി വിസ്തൃതിയിൽ വന്ന കുറവ് വയലുകൾ നിർവഹിച്ചു വന്ന ജല സംഭരണദൗത്യം ഇല്ലാതാക്കി. കുളങ്ങൾ, നീർച്ചാലുകൾ തുടങ്ങിയ ജലസ്രോതസ്സുകൾ നികത്തി. തീരദേശത്ത് നിർമിതികൾ വന്നു. നദികൾക്കുമേലുള്ള കടന്നുകയറ്റമാണ് പ്രളയത്തിന്റെ പ്രധാന കാരണം. ഇനി ഒരു പ്രകൃതി ദുരന്തം കേരളത്തിന് വിദൂരമല്ല. അത് ആവർത്തിക്കാതിരിക്കാൻ ചില നിർദ്ദേശങ്ങൾ ചേർക്കുന്നു.

- **ഭൂവിനിയോഗം കാര്യക്ഷമമാക്കണം.**
- **മണ്ണ്-ജല സംരക്ഷണം കാര്യക്ഷമമാക്കണം.**
- **വയലുകൾ, തണ്ണീർത്തടങ്ങൾ സംരക്ഷിക്കണം.**
- **പശ്ചിമഘട്ട മലനിരകൾ സംരക്ഷിക്കുക.**
- **ജലമനേജ്മെന്റിന് പ്രത്യേക പരിഗണന നൽകുക.**
- **ഖനനം ശാസ്ത്രീയമാക്കണം.**
- **മാലിന്യസംസ്കരണം കാര്യക്ഷമമാക്കുക.**

അപ്രതീക്ഷിതമായ പ്രളയത്തെ നാം നേരിട്ടു. Rescue-Relief-Rehabilitation തുടങ്ങിയ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നാം ചെയ്തു. ഇനി നമ്മുടെ മുന്നിലുള്ളത് Rebuild- പുനർനിർമാണം. സംസ്ഥാനത്തിന്റെ പരിസ്ഥിതിലോല പ്രദേശങ്ങൾ അടയാളപ്പെടുത്തിയ പ്രത്യേക പ്ലാൻ, കുട്ടനാട് പ്രദേശത്ത് പ്രത്യേകം വികസനപദ്ധതി, ഇടുക്കി, വയനാട് ജില്ലകളിലെ മലനിരകളെ പരിഗണിച്ച പദ്ധതി, മികച്ച മാലിന്യസംസ്കരണ പദ്ധതി, സൗരോർജം- ബയോഗ്യാസ് തുടങ്ങിയ ഹരിതോർജത്തെ പ്രോത്സാഹിപ്പിക്കിൽ എന്നീ പ്രവർത്തനങ്ങൾ കൂടി വ്യക്തമായ പ്ലാനോടുകൂടി നടത്തിയാൽ നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പറഞ്ഞതുപോലെ 'പഴയ കേരളത്തെയല്ല, പുതിയ കേരളത്തെ നമുക്ക് സൃഷ്ടിക്കാം.' പ്രളയത്തോടെ തളരാത്ത ചങ്കുറപ്പുള്ള ഒരു സമൂഹത്തെ നാം കണ്ടു. അതേ ഒത്തൊരുമയോടെ ജനാധിപത്യ-സ്ഥിതിസമത്വ-സോഷ്യലിസ്റ്റ്-ഹരിത കേരളത്തെ സൃഷ്ടിക്കാൻ നമുക്ക് സാധിക്കും. നമ്മുടെ ഓരോ ചെറിയ കാൽവയ്പ്പുപോലും നവകേരള സൃഷ്ടിക്കുവേണ്ടിയാകണം.

-ശ്രുതിലയ എസ്.ആർ
SD1

## മഴ മറന്ന കാലം



വർഷ ഋതുവിലും ഒളിച്ച് കളിക്കുന്ന
മഴമേഘങ്ങളെ കാത്ത് വീശിയടിക്കാൻ
മറന്നൊരു കുളിർക്കാറ്റ് നിൽക്കുന്നുണ്ട്
മരമൊഴിഞ്ഞ താഴ്വരയിൽ.
നീരൂറ്റി കുടിച്ചും വേരുകൾ പിഴുതെറിഞ്ഞും
ദൂരമൂത്ത് മനുജന്റെ ദുഷ്ചെയ്തികളിന്ന്
നിണമണിഞ്ഞ് കിടക്കുന്നുണ്ട് വറ്റിവരണ്ട
പുഴയുടെ
മാറിടത്തിൽ
വിളക്കാല ഓർമ്മകളിൽ
നീറിപ്പുകയുകയാണിന്ന് പൊട്ടിപ്പിളർന്ന
ഉദരശരമാം വയലേലകൾ
തപിക്കുന്ന ജനനിതൻ മാറിടത്തിൽ
ചുട്ടുപ്പൊള്ളി മൃത്യുവിൻ കരങ്ങളെ
പുൽകുന്നിതാ
ചെറുജീവനുകൾ
ദാഹനീർ തേടിയലഞ്ഞ് വലഞ്ഞു
നിരാശരായി മടങ്ങിയ വേരുകളിൽ
ഒളിച്ചു വച്ചിട്ടുണ്ടൊരു
ജലയുദ്ധത്തിനായുള്ള കാഹളം വിളികൾ
മഴയോർമ്മകളിന്ന്
നഷ്ട സ്വപ്നങ്ങളായി
കവിതകളിൽ മാത്രം
ജനമൃതി







ഗായത്രി ജി ആർ

G. G. H. S. S, Cottonhill
**Little Kites LK/2018/43085**

# കാലം മായ്ക്കാത്ത കുട്ടിക്കാലം

ഇന്ത്യയുടെ പ്രഥമ പൗരനായ കലാം രാഷ്ട്രത്തിനു മുഴുവൻ മാതൃകയായിരുന്നു. രാഷ്ട്രപതിയായി മാത്രമല്ല, ശാസ്ത്രജ്ഞനായി, അദ്ധ്യാപകനായി അങ്ങനെ അല്ലാ നിലകളിലും പല കാര്യങ്ങളിൽ അദ്ദേഹം 'റോൾ മോഡൽ ' ആയി. എന്തിനധികം,കുട്ടിക്കാലത്ത് പോലും കൃത്യനിഷ്ഠയുടെ കാര്യത്തിൽ ഒന്നാന്തരം മാതൃകയായിരുന്നു കലാം. എട്ടുവയസുള്ളപ്പോൾതന്നെ എന്നും രാവിലെ നാലു മണിക്ക് എഴുന്നേൽക്കും.അഞ്ചു മണി വരെ കണക്കും അഞ്ചു മുതൽ ആറും വരെ അറബിയും പഠിക്കും.

അതിനുശേഷം റെയിൽവേ സ്റ്റേഷനിൽ ചെന്ന് പത്രക്കെട്ടുകൾ ശേഖരിച്ചു വിതരണം ചെയ്യും.അതിനു ശേഷം സ്കൂളിലേക്ക് പോകും. വൈകിട്ട് പത്രത്തിന്റെ പണം പിരിക്കും പിന്നീട് മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിൽ രാത്രി വരെ പഠനം.കലാം രാമേശ്വരത്തെ സ്കൂളിൽ എലിമെന്ററി സ്കൂളിൽ അഞ്ചാം ക്ലാസിനു പഠിക്കുന്ന കാലം. പ്രിയ കൂട്ടുകാരനും രാമേശ്വരം ക്ഷേത്രത്തിലെ മുഖ്യ പുരോഹിതൻ പാക്ഷി ലക്ഷ്മണശാസ്ത്രിയുടെ പുത്രനുമായ രാമനാഥശാസ്ത്രിയുടെ തൊട്ടടുത്താണ് ക്ലാസ്സിൽ കലാമിന്റെ ഇരിപ്പ് പുരോഹിതന്റെ പുത്രൻ തൊപ്പിവച്ച ഒരു മുസ്ലിം ബാലനൊപ്പം ഇരിക്കുന്നത് സ്കൂളിൽ പുതുതായിവന്ന അധ്യാപകന് അത്ര രസിച്ചില്ല. അദ്ദേഹം കലാമിനെ

മാറ്റിയിരുത്തി. കുട്ടികൾക്ക് ഈ സംഭവം ഏറെ

വേദനയുണ്ടാക്കി .വിവരമറിഞ്ഞ മുഖ്യ

പുരോഹിതൻ അധ്യാപകനെ വിളിച്ചുവരുത്തി ക്ഷമ പറയിച്ചു.കലാമിന് പിറ്റേന്നുതന്നെ പഴയ ഇരിപ്പിടം തിരിച്ചുകിട്ടുകയും ചെയ്തു. കലാമിനെ കലക്ടറാക്കണമെന്നാണ് അച്ഛന്റെ ആഗ്രഹം. കലാമിനാകട്ടെ പൈലറ്റാകണമെന്നും . "എന്തെങ്കിലും നേടണമെന്ന് ആഗ്രഹമുണ്ടെങ്കിൽ അതിനു വേണ്ടി തീവ്രമായി ആഗ്രഹിക്കുകയും അത് തീർച്ചയായും നേടുമെന്ന് വിശ്വസിക്കുകയും ചെയ്യുക.” പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം രാമനാഥപുരത്തെ ഷ്വാർട്സ് സ്കൂളിൽ പഠിച്ച കലാമിന് ഇയ്യാദുരൈ സോളമൻ എന്ന അധ്യാപകൻ നൽകിയ ഉപദേശമാണിത് .ഗുരുവിന്റെ വാക്കുകൾ കലാം പ്രവർത്തികമാക്കി ജീവിതകാലം മുഴുവൻ .

ഹൃതിക .എ എൻ

6.H



# പ്രവേശനം

എത്തി ഞാൻ മാതൃക വിദ്യാലയമുറ്റത്ത്
നടന്ന വൃക്ഷത്തണലിലേക്ക്
ആകെ ഒരു ഭ്രതി......
നിൽക്കുന്നതോ പ്രശസ്തരുടെ കാൽ
പതിഞ്ഞ മണ്ണിൽ

ലഭിക്കുമോ ഇവിടൊരു പ്രവേശനം
ആകെ ഒരു അങ്കലാപ്പ്
ഇരുന്നു ഞാൻ മരച്ചുവട്ടിൽ
കിട്ടുമെന്ന പ്രതീക്ഷയോടെ....





-അമൃത.എസ്

# ഒരു യാത്ര

IITM അഥവാ മദ്രാസ് IIT, ഇന്ത്യയെന്ന ഒരു മഹാദേശത്തിന്റെ വൈവിധ്യങ്ങൾ ഉള്ളിലൊളുപ്പിച്ച് ഒരു കുഞ്ഞു ചിമിഴിൽ പുറത്തുകാട്ടുന്ന , പ്രൗഢാജ്ജ്വലമായൊരു വിദ്യാസംസ്യതിയുടെ ഉർവരഭ്രമിക,250 ഏക്കറിൽ മഹോന്നതരായ വിദ്യാർത്ഥികളുടെ ജന്മഗേഹം,പതിനായിരകണക്കിന് വിദ്യാർത്ഥികളിടെ ആഗ്രഹങ്ങളും അഭിലാഷങ്ങളും നിഴലിക്കുന്ന ഇടം തുടങ്ങി IIMT എന്ന ക്യാമ്പസിന് വിശേഷണങ്ങൾ അനവധിയാണ് .അങ്ങനെ രാജ്യത്തിലെ സർവ വിദ്യാഭ്യാസ വിജക്ഷണമാരുടെ ശ്രദ്ധകേന്ദ്രമായ IIMT ലേക്ക് പോകാൻ എനിക്കും കൂട്ടുകാരി വൃന്ദയക്കും ഒരവസരമുണ്ടായി .

2019 അതിന്റെ സർവ പ്രൗഢിയുമണിഞ്ഞ് എന്നിലേ ക്കെത്തിയത് ഈ യാത്രയുടെ കൈപിടിച്ചാണ് .ഈ ഭാഗ്യത്തിന്റെ ജന്മഗേഹം ഒരു ക്വിസ് ആണ് ഇന്ത്യയിൽ പല കേന്ദ്രങ്ങളിൽ ആദ്യത്തെ 5 സ്ഥാനങ്ങൾ കരസ്ഥമാക്കിയവരോട് ഒരു തീസിസ് നൽകാൻ പറഞ്ഞിരുന്നു .അതിൽ മികച്ച 20 ടീമുകളെ ഐഐടിയിൽ അഖിലേന്ത്യ പ്രബന്ധാവതരണത്തിനായി ക്ഷണിച്ചു.രാജ്യം തന്നെ ഉറ്റുനോക്കുന്ന ഐഐടി ക്യാമ്പസ് ഫെസ്റ്റ് SHASTRA യിലെ SPARK JUNIOR CONFERENCE നായി ഞങ്ങൾ നേരെ ചെന്നൈയിലേക്ക് വണ്ടി കയറി. വശ്യമനോഹാരിത അതിന്റെ സർവപ്രൗഢിയും തുറന്നുകാട്ടി എല്ലാവരെയും തന്നിലേക്ക് സ്വാഗതം ചെയ്യുന്ന നഗരം ചെന്നൈ.

ഐഐടി കവാടം തുറന്നു കയറിയപ്പോൾ തന്നെ അതിന്റെ വിസ്മയങ്ങളുടെ ആവനാഴിയിലെ ബാണാസ്ത്രങ്ങൾ പ്രയോഗിക്കാൻ തുടങ്ങി. ക്യാമ്പസിനുള്ളിൽ സഞ്ചരിക്കാനായാണ് ഇവിടുത്തെ കോളേജ് ബസ് അഥവാ ബസ്സിൽ കയറിവേണം. ഐഐടിഎം എന്ന മറ്റൊരു ലോകത്തെ കണ്ടെത്താൻ . അല്ല

അതിശയോക്തിയുടെ ഉരസ്സാണമണിതല്ല പച്ചയായ സത്യമാണ് ഇവിടുത്തെ മറ്റൊരു ബാണാസ്ത്രം വനനിബിഡതയാണ് . പച്ചപ്പിന്റെ മനോഹാരിത ചാലിച്ച ക്യാമ്പസായതിനാൽ തന്നെ മാനും കുരങ്ങുനമെല്ലാ ഇവിടുത്തെ കുട്ടികളുടെ സന്തതസഹചാരികളാണ്.അതും വെറും മാനല്ല പുള്ളിമാൻ .കിട്ടിയ ഒരവസരം മുതലാക്കികൊണ്ട് ഒരു പേരും വച്ചുകൊടുത്തു മുസോളിനി,ഹിറ്റ്ലർ,നെപ്പോളിയാൻ.ELON MUSK ന്റെ space x ലെ മത്സരങ്ങളിൽ പങ്കെടുത്ത് ഫൈനൽ ഘട്ടത്തിലേക്ക് തിരെഞ്ഞെടുക്കപ്പെട്ടവരും തുടങ്ങി. സമ്പന്നമായ ഇവിടുത്തെ ഹൈടെക്ക് പുരുഷപ്രജകൾ, നമ്മൾ പഴഞ്ചന്നെന്ന് പറഞ്ഞ് തുണവൽകരിച്ചിരുന്ന സൈക്കിളിലാണ് IIT റോഡിടങ്ങളിൽ വിഹരിക്കുന്നത്.ഏകദേശം 800 കുട്ടികൾക്ക് പഠിക്കുന്ന ഇവിടെ 6000 സൈക്കിളുണ്ട്. അങ്ങനെ അത്ഭുതത്തിന്റെ ബാണാസ്ത്രം ഒക്കെ മനസിൽ സൂക്ഷിച്ച് ഞങ്ങൾ ഹോസ്റ്റലിലെത്തി 4ാം തീയതി. സരയു, ശരാവതി എന്നീ ഹോസ്റ്റലുകളിൽ സരയുവിലെ ഒരു കുഞ്ഞുമുറി ഞങ്ങൾക്ക് കിട്ടി .പക്ഷെ ഒരു പ്രശനമതാ മുളപ്പൊട്ടി. അച്ഛനും അമ്മയും വരാൻ നിർവാഹമില്ല.

അങ്ങനെ ഞങ്ങൾ രണ്ടുപേരും ആ വലിയ ഹോസ്റ്റലിൽ, പ്രോജെക്റ്റിന് മോടിപിടിപ്പിക്കലുമായി കഴിച്ചുകൂട്ടി .പിറ്റേന്ന് രാവിലെ രണ്ട് പുതിയ സുഹൃത്തക്കളെ കിട്ടി. അന്ധ്രാകാരായ വല്ലിയും ലഹരിയും. ഭക്ഷണശേഷം ഞങ്ങൾ നേരെ പോയത് Innovation center ലാണ്. ലോകത്തിന്റെ തന്നെ ശ്രദ്ധ ആവാഹിക്കുന്ന, എല്ലാ ശാസത്ര കുതുകികളും സദാ ചെന്നെത്താൻ ആഗ്രഹിക്കുന്ന പുതിയ ചിന്തധാരകർ ഊറ്റില്ലാമായ IIT LAB. നവ്യാനുഭവങ്ങൾ സമ്മാനിച്ച ആ കാഴ്ചകൾ. അത്ഭുതം വിസമയം എന്ന വാക്കുകൾ കൊണ്ട് അർത്ഥം നെതെടുക്കാൻ കഴിയാത്ത വികാരം. തുടർന്ന് കരിയർ ഗൈഡൻസ്ക്ലാസായിരുന്നു crime scene investigation എന്ന ആക്ടിവിറ്റികളുമായിരുന്നു. ലേസർഷോയും വിലാസ് നായിക്ക് എന്ന കലാവ്രാതിഭയും ചേർന്ന അലങ്കൃതമാക്കി രാത്രിയെ. ഭക്ഷണക്കാര്യം അൽപം വ്യതസ്തയുണ്ടാക്കിയിരുന്നു. കാരണം ഈ ക്യാമ്പസിനകത്ത് മെസ്സ് കൂടാതെ ഒട്ടനവധി ഹോട്ടലുകളുണ്ട്. നമ്മൾ ഒറ്റയ്ക്ക് നടന്നു പോയി


വാങ്ങണം. സ്കൂളിലെ canteen ലേക്ക് മാത്രം പൊയി പരിചയസമ്പന്നരായ ഞങ്ങൾ ആ ഘട്ടത്തിൽ ചെറുതായി ഒന്ന പകച്ചെങ്കിലും ഞങ്ങളുടെ അന്യസംസ്ഥാന.. അല്ല സൗഹൃദസംസ്ഥാനങ്ങളിലെ കൂട്ടുകാരോടൊപ്പം ബസ് പിടിച്ചൊക്കെ ഭക്ഷണം കഴിച്ചു. അല്ലെങ്കിലും സ്വയംപര്യാപ്തയാണല്ലോ IIT യുടെ മുഖ്യമുദ്ര. ഞങ്ങൾടെ റൂംമേറ്റ്സിനൊപ്പം കഥയും കാര്യങ്ങളും പറഞ്ഞ് ഈ ദിനം ഇത്രപ്പെട്ടെന്ന് തീരേണ്ടന്ന പരാതിയിൽ ആ രാത്രിയും കടന്നുപോയി.

പിറ്റേന്ന് രാവിലെ Goggle map കൈയിലേന്തി നടന്ന സുപ്രഭയിലാക്കി പ്രഭാതഭക്ഷണം.ശേഷം ഞങ്ങളുടെ ആഗമനോദ്ദേശം പൂർത്തിയാക്കാൻ അഥവാ പ്രബന്ധാവതരണത്തിനായി ഞങ്ങൾ Mechanical chemistry block ലേക്ക് കൂട്ടികൊണ്ടുപോയി. കാർഷികവിഭാഗത്തിൽ ഞങ്ങൾ അവതരിപ്പിച്ച പ്രോജകറ്റ് CONQUERING PHL WITH THE WEAPON OF ICT.20 പ്രബന്ധാവതരണങ്ങളും കഴിഞ്ഞപ്പോൾ ഞങ്ങൾ കണ്ടത് വിവിധ ചിന്തകളുടെ സമഞ്ചസസമ്മേളനമാണ് അവസാനം വന്ന വിധി പ്രഖാപനം. ഞങ്ങൾക്ക് മൂന്നാം സ്ഥാനം. അഖിലേന്ത്യ മത്സരത്തിൽ. ഞങ്ങളുടെ മുഖത്ത് സന്തോഷത്തോടൊപ്പം വളരെ പെട്ടെന്ന് തീർന്നുപോയല്ലോ എന്ന ചിന്തയാൽ ദുഖവും തളംകെട്ടിനിന്നു.IIT ഇതു മറ്റൊരു ലോകമാണ്. ഒന്ന വന്നാൽ പോകാൻതോന്നില്ല. Open theatre, swimming pool, banking സംവിധാനം വസത്രാലയം തുടങ്ങി എല്ലാം ഇവിടുണ്ട്. അതിലേറെ എന്നെ ആകർഷിച്ചത് എത് പാതിരാത്രിയിലും പെൺക്കുട്ടികൾക്ക് ഇറങ്ങിനടക്കാം എന്നതാണ്. IIT യിൽ നിന്ന തിരിച്ചുപോരാൻ ഒരു മടിയുണ്ടായിരുന്നു എന്നിരുന്നാലും 40 സുഹൃത്തുകളെയും പുത്തൻ ചിന്തകളുടെ കുത്തൊഴുക്കിക്കിൽ ഒരിക്കലും നഷ്ടമാവാത്ത ഓർമകളുമായി ഒരു IIT യാത്ര കൊഴിഞ്ഞുവീണു.

അപർണ പ്രഭാകർ

10 H

## എന്റെ ഓർമ്മ



ബാല്യമാണെൻ ഓർമ്മ
അമ്മയാണെൻ ഓർമ്മ
ഓർമ്മയിൽ മുഴകുന്ന നമ്മൾ
നാം മയങ്ങുന്ന,
എൻ ഓർമ്മകൾ ഉണരുന്ന.
നാദമുയരുന്ന,ഓർമാമകൾ
തെളിയുന്ന.
ജീവിതമണയുന്ന, ഓർമ്മകൾ
നിറയുന്ന.

-ആതിരരമേഷ്


## പൂവ്



വേരുകൾ
ആഴത്തിൽ
വേദനകൊണ്ടെഴുതിയ
ഓര്മക്കുറിപ്പാണ്
ഓരോ പൂവും

-ഗോപിക ഹരീന്ദ്രൻ എം

# എന്റെ പ്രിയ പുസ്തകം




പുസ്തകം : George's Cosmic treasure hunt

രചയിതാവ് : സ്റ്റീഫൻ ഹോക്കിങ്, ലൂസി ഹോക്കിങ്




ഭൗതികശാസ്ത്രത്തിൽ അഗ്രഗണ്യനായ സ്റ്റീഫൻ ഹോക്കിങ്ങും അദ്ദേഹത്തിന്റെ മകൾ ലൂസി ഹോക്കിങ്ങും ചേർന്നെഴുതിയ 'ജോർജ് സീരീസി'ലെ രണ്ടാമത്തെ പുസ്തകമാണ് 'George's Cosmic treasure hunt'. സ്കൂൾ വിദ്യാർത്ഥിയായ ജോർജിന്റെ അച്ഛനും അമ്മയും പരിസ്ഥിതി പ്രവർത്തകരാണ്. അവന്റെ അയൽക്കാരാണ് എറിക് എന്ന ശാസ്ത്രജ്ഞനും അദ്ദേഹത്തിന്റെ ഭാര്യ സൂസനും മകൾ ആനിയും. ജോർജിന് അവന്റെ അമ്മൂമ്മ പിറന്നാൾ സമ്മാനമായി നൽകിയ ഫ്രെഡി എന്ന പന്നിക്കുട്ടൻ അയൽ വീട്ടിലേക്കുപോകുന്നതോടെയാണ് ആനി, എറിക് എന്നിവരുമായി ജോർജ് ചങ്ങാത്തത്തിലാകുന്നത്. എറിക്കിന് അത്ഭുതകരമായ ഒരുകമ്പ്യൂട്ടറുണ്ട്.'കോസ്മോസ്'! ബഹിരാകാശത്തേക്ക് ഒരു പോർട്ടൽ തുറക്കാൻ വരെ കഴിവുകളുള്ളകോസ്മോസിനെ, എറിക്കിന്റെ മുൻകാല

സഹപ്രവർത്തകനും ജോർജിന്റെ അധ്യാപകനുമായ ഗ്രഹാം റീപ്പർ മോഷ്ടിക്കാൻ ശ്രമിക്കുന്നതും എറിക് ഒരുതമോഗർത്തത്തിലകപ്പെടുന്നതുംജോർജും ആനിയും കോസ്മോസും ചേർന്ന് എറിക്കിനെ രക്ഷിക്കുന്നതു മാണ് ഈ സീരീസിലെ ആദ്യ പുസ്തകമായ 'George’s secret key to the universe' ന്റെ കഥ.

താൻ ഒരു ബഹിരാകാശയാത്ര നടത്തുന്നതായി സ്വപ്നം കണ്ട ജോർജ്ജെണീട്ടിയുണരുന്ന തോടെയാണ് 'George’s Cosmic treasure hunt’ എന്ന ഈ ശാസ്ത്രനോവൽ ആരംഭിക്കുന്നത്. ജോർജിന്റെ ഉറ്റ സുഹൃത്തുക്കളായ എറിക്കും അദ്ദേഹത്തിന്റെ മകൾ ആനിയും ഭാര്യ സൂസനും എറിക്കിന് അമേരിക്കയിലെ ഗ്ലോബൽ സ്പേസ് ഏജൻസിയിൽ ഒരു ശാസ്ത്രദൗത്യത്തിൽ പങ്കെടുക്കാൻ ക്ഷണം ലഭിച്ചതു കൊണ്ട് ബ്രിട്ടണിൽ നിന്നും പോവുകയാണ്. തന്റെ ഉറ്റ സുഹൃത്തായ ആനിയെ പിരിയുന്നതിൽ ജോർജിന് വലിയ സങ്കടമുണ്ട്. ഒപ്പം എറിക്കിനോടു ചോദിക്കാൻ ഒരുപാടു ചോദ്യങ്ങളും. പ്രപഞ്ചത്തെക്കുറിച്ചുള്ള ജോർജിന്റെ എല്ലാ സംശയങ്ങളും തീർക്കാനായി, അമേരിക്കയിലേക്കു പോകുന്നതിനു മുൻപ് എറിക് ഒരു പാർട്ടിനടത്തുന്നുപാർട്ടി യിലെത്തുന്ന ഓരോ മനുഷ്യനും പ്രപഞ്ചത്തിലെ ഓരോ വസ്തുക്കളുടെ വേഷമിട്ടാണ് എത്തിയത്. തങ്ങളുടെ വേഷത്തെക്കുറിച്ച് ഓരോരുത്തരും വിവരിക്കുകയും ചെയ്തു. ഓരോരു ത്തരുടെയും പ്രസംഗങ്ങൾ കുറിപ്പുകളാക്കി, ഒരു കൈപുസ്തകം എറിക് ജോർജിനു നൽകി. ഒപ്പം തന്റെ പ്രിയപ്പെട്ട ഒരു ടെലസ്കോപ്പും.രണ്ടു വ്യത്യസ്ത ദേശങ്ങളിലായിരുന്നെങ്കിലും ജോർജും ആനിയും ഇ-മെയിൽ വഴി പരസ്പരം ബന്ധപ്പെട്ടിരുന്നു. ഒരു ദിവസം ആനി ജോർജിനോട് അത്യാവശ്യമായി അമേരിക്കയിലെത്തണമെന്നും ഒരു പ്രധാനപ്പെട്ട ദൗത്യമുണ്ടെന്നും പറയുന്നു. അമ്മൂമ്മയുടെസഹായത്തോടെ അമേരിക്കയിലെത്തുന്ന ജോർജ് ആനിയുടെ മറ്റൊരു സുഹൃത്തിനെപരിചയപ്പെടുന്നുഅവൻ

കമ്പ്യൂട്ടർ പ്രോഗ്രാമിൽ വളരെ വിദഗ്ധനായിരുന്നു. ഒരു ചൊവ്വാ ദൗത്യവുമായി ബന്ധപ്പെട്ടാണ് എറിക് GSA യിൽ എത്തുന്നത്. എന്നാൽ ചൊവ്വയിലിറങ്ങുന്ന പേടകം വളരെ വിചിത്രമായി പെരുമാറുന്നു. ഇതിനിടെ തകരാറിലായിരുന്ന കോസ്മോസിനെ പുറത്തെടുക്കുന്ന ആനിക്കും ജോർജിനും സുഹൃത്തിനും വിചിത്രമായ സന്ദേശങ്ങൾ ലഭിക്കുന്നു. ഭൂമിയെ തകർക്കുമെന്നും അതു വേണ്ടെങ്കിൽ ചൊവ്വയിലെത്തണമെന്നുമായിരുന്നു കത്തിൽ. കോസ്മോസിന്റെ സഹായത്തോടെ ചൊവ്വയിലെത്തുന്ന അവർ ലഭിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ ശനിയുടെ ഉപഗ്രഹമായ ടൈറ്റനിലും പിന്നീട് ആന്ഡ്രോമെഡ ഗാലക്സിയിലെ ഒരു ഗ്രഹത്തിലും എത്തുന്നു. അവരെ തേടി എറിക്കും. അവിടെ വച്ചാണ് ഈ സന്ദേശങ്ങൾ അയച്ചത് എറിക്കിന്റെ ശത്രുവായ റീപ്പർ ആണെന്നറിയുന്നത്. ഒരു തെറ്റിദ്ധാരണയുടെപുറത്തുണ്ടായ ശത്രുതയാണെന്നു മനസ്സിലാക്കിയ റീപ്പറും എറിക്കും ഒന്നിക്കുകയും റീപ്പറിന്റെ സഹായത്തോടെ അവരെല്ലാം ഭൂമിയിലെത്തുകയും ചെയ്യുന്നു.

ആദ്യ നോവൽ പോലെ തന്നെ ഈ നോവലിലും കഥയ്ക്കു പുറമേ പ്രപഞ്ചത്തെക്കുറിച്ചും പ്രപഞ്ച പ്രതിഭാസങ്ങളെ കുറിച്ചും ഒരുപാടു വിവരങ്ങൾ ചേർത്തിട്ടുണ്ട്.. ശാസ്ത്രകുതുകികൾക്ക് തീർച്ചയായും ഇഷ്ടമാകുന്ന ഒരു ശാസ്ത്രനോവലാണ് 'George's Cosmic treasure hunt'.

ആഭ എ.എം

# മാമ്പഴക്കാലം

മാമ്പഴത്തിൽ മധുരമുള്ളൊരു

മാമ്പഴക്കാലം

മാവുകൾ സ്വർണ്ണം അണിയും

മാമ്പഴക്കാലം

വേനലിൽ കുളിർമ്മയാകും

മാമ്പഴക്കാലം

ഓർമ്മയിൽ മധുരം നിറയും

മാമ്പഴക്കാലകാത്തിരിക്കുകയാണു നമ്മൾ

മാമ്പഴക്കാലം





എം എസ് കലാവേണി

## ശിശുദിനാഘോഷത്തോടനുബന്ധിച്ച് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനതലത്തിൽ നടത്തിയ കഥാമത്സരത്തിൽ ഒന്നാം സമ്മാനം നേടിയ കഥ

# അവൻ പറഞ്ഞു എനിക്കിതുമതി!

അവന് വന്നിട്ട് രണ്ടുദിവസം മാത്രമേ ആയിട്ടുള്ളൂ. പേര് റോഷൻ. വെളുത്ത് മെലിഞ്ഞ് സുന്ദരനായ പാവം പത്തു വയസുകാരൻ. കണ്ടാലേ അറിയാം ആള് വലിയവീട്ടിലെയാണെന്ന്. രഹസ്യങ്ങൾ ചികഞ്ഞെടുക്കുന്നതിൽ മിടുക്കിയായ മേഘയാണ് പറഞ്ഞത് അവന്റെ അച്ഛനും അമ്മയും ഡോക്ടർമാരാണെന്ന്.അവരി പ്പോഴും ജീവിച്ചിരിക്കുന്നുണ്ടത്രേ. ഈ ചിത്രപൂവർഹോമിൽ, അച്ഛനും അമ്മയും ഉപേക്ഷിക്കപ്പെട്ടവരാണ് ഞങ്ങൾ. ഈ പ്രായത്തിൽ റോഷൻ എന്തിന് വന്നു? എങ്ങനെ വന്നു? അതും പോലീസുകാരോടൊപ്പം. ആയിടക്കാണ് ഞങ്ങളെ നോക്കുന്ന ആന്റി അവന്റെ കഥ പറഞ്ഞത്. അപ്പോഴത്തെ സങ്കടം ഒരു ദീർഘനിശ്വാസത്തിലൂടെ ഒതുക്കി. അവന്റെ നടപ്പിലും ചിരിയിലുമുള്ള നിരാശയുടെ ചെറുതോടുകൾ ചേർന്ന് അവന്റെ മനസ്സിൽ നദിയായി

ഒഴുകുന്നുണ്ടാവാം, സ്വന്തം വിധിയേക്കുറിച്ചോർത്ത്.

ആ കോടതി രംഗം. പതിവ് കുടുംബ



അദാലത്തുകൾ. എല്ലാം കേട്ട് കൃത്യമായി വിധിപറയുന്ന ജഡ്ജി. തങ്ങളുടെ കക്ഷിയെ രക്ഷിക്കാൻ വെമ്പുന്ന വക്കീലൻമാർ. ഓരോ കേസിലും ദൈവത്തിന്റെ വിധിയെ ക്കുറിച്ചോർത്ത് വീണ്ടും ജോലിയിലേക്ക് മുഴുകുന്ന ലീഗൽ അസിസ്റ്റന്റുമാർ. എല്ലാം എന്നത്തേയും

പോലെയായിരുന്നു, റോഷനൊഴിച്ച്. അവൻ അക്ഷമനായി നിന്നു; തനിക്ക് ചുറ്റും എന്താണ് നടക്കുന്ന തെന്ന് അറിയാതെ വായും തുറന്ന്. അല്ലെങ്കിലും ഒരു പത്തുവയസുകാരന് ദൈനംദിന ജീവിതത്തിൽ കോടതി മുറിക്കും, ജഡ്ജിക്കും, വക്കീലിനുമൊക്കെ എന്തു പ്രാധാന്യം? വിചാരണ കൂട്ടിലിരി ക്കുന്ന അച്ഛനേയും അമ്മയേയും ഒഴിച്ചാൽ! ദൈവത്തിൽ വിധിയിൽ ആശ്ചര്യപ്പെടുന്ന ലീഗൽ അസിസ്റ്റന്റും, ദൈവം കുടുംബ ജീവിതത്തിൽ തീർക്കുന്ന വിള്ളലുകൾക്ക് വിധി തീർപ്പാക്കുന്ന ജഡ്ജിയും അതിനായി വാദിക്കുന്ന വക്കീലും അങ്ങനെ എല്ലാവരും അതാത് സ്ഥാനത്തുണ്ട്. കോടതിമുറിയുടെ കനത്ത നിശബ്ദത ഭേദിച്ച് ലീഗൽ അസിസ്റ്റന്റ് പറഞ്ഞു: "കേസ് നമ്പർ 45/23 വടക്കേവീട്ടിൽ സദാനന്ദൻ എന്ന വി. സദാനന്ദൻ മകൻ പ്രതാപൻ, കുന്നുകഴി രാമചന്ദ്രൻ മകൾ സീമ." റോഷൻ മാതാപിതാക്കളെ നോക്കി ദുഃഖത്തിൽ പൊതിഞ്ഞ മുഖം കുനിച്ചു.

വാദപ്രതിവാദങ്ങൾ തുടങ്ങി.... "ഇവൾ എനിക്ക് ഒരു സമാധാനവും തരുന്നില്ല. എന്നെ എപ്പോഴും കുറ്റ പ്പെടുത്തും. ദാറ്റ്സ് വൈ എനിക്ക് ഡൈവോഴ്സ് വേണം എന്ന് പറയുന്നത്." അയാൾ, ഒരു കുഞ്ഞ് അച്ഛനോട് പരാതി പറയുന്ന പോലെ പറഞ്ഞു. "എങ്ങനെ കുറ്റപ്പെടുത്താതിരിക്കും? എന്റെ കരിയർ ഇങ്ങേർ നശിപ്പിച്ചില്ലേ." വക്കീലന്മാർ അവരുടെ സഹായത്തിനായി എത്തി. റോഷന് തോന്നി, 'ഇതിലിപ്പോ എന്താ വ്യത്യാസം, കുറച്ച് ആൾക്കാരുടെ മുന്നിലാണ് ഇവരുടെ അടി എന്നതൊഴിച്ചാൽ വീട്ടിലേതുപോലെ തന്നെ!' കോടതി മുറി സമ്മാനിച്ച കൗതുകം മാറി. അവന്റെ മുഖത്ത് ദുഃഖം കയറികൂടിയിരിക്കുന്നു.

കോടതി അനുരഞ്ജനത്തിന് ശ്രമിച്ചു. പക്ഷേ, "പറ്റില്ല... എനിക്കിയാളുടെ കൂടെ ജീവിക്കാൻ പറ്റില്ല." "ഓ അല്ലെങ്കിലും ഇവളുടെ കൂടെയൊക്കെ ആര് ജീവിക്കും?" 'അപ്പോ... എനിക്കിതുവരെ സമ്മാനം കിട്ടിയിട്ടുള്ള ചിത്രങ്ങളിലൊക്കെ ഞാൻ വരച്ചത് നമ്മൾ മൂന്നുപേരുള്ള വീടായിരുന്നു. നിങ്ങള് രണ്ടു പേരും പോയാൽ ഞാനെന്തുവരയ്ക്കും? ഞാൻ മാത്രമുള്ള വീടോ? വേണ്ട....' അവന്റെ കുരുന്ന മനസ്സ് തേങ്ങി.

അങ്ങനെ വേനലിലെ കുളിർമഴപോലെ

അവന്റെ മാതാപിതാക്കൻമാർക്ക് അനുഭവ പ്പെട്ടവിധിവന്നു, 'വിവാഹമോചനം'. പക്ഷേ, റോഷനത് വേനലിലെ തീമഴയായിരുന്നു. സ്വാതന്ത്ര്യം തേടിപറക്കാൻ വെമ്പുന്ന മനസ്സുമായി അവന്റെ മാതാപിതാക്കന്മാർ നിന്നപ്പോൾ കൂട്ടിൽ ഒറ്റയ്ക്കായിപോയ പക്ഷിയെ പോലെ നിലകൊണ്ട റോഷനെക്കുറിച്ച് ഓർമിപ്പിച്ചത് കോടതിയായിരുന്നു."അവൻ അവന്റെ അമ്മേടെ കൂടെ പോയ്ക്കോളും." "എനിക്ക്

നോക്കാൻ വയ്യ." "അങ്ങനെ നോക്കാൻ എന്നെക്കൊണ്ടൊന്നും വയ്യ." "അതുപറ്റില്ല കുഞ്ഞിന് 14 വയസ്സുവരെ ആരെങ്കിലും തണലായി നിൽക്കണം."കോടതി റോഷന്റെ ചുവന്നുതുടുത്ത മുഖത്തു നോക്കി.

"ക്ഷമിക്കണം സർ, ഞാൻ ചെറിയ പ്രായമാണ്. എനിക്ക് രണ്ടാമതും കല്യാണം കഴിക്കണം.രണ്ടാനമ്മ എങ്ങനെയാ യിരിക്കും എന്നെനിക്കറിയില്ല."പ്രതാപന്റെ ആ പ്രസ്താവനയെ മുറിച്ചുകൊണ്ട് സീമ പറഞ്ഞു. "എനിക്കും ചെറിയ പ്രായമാണ്. അതുകൊണ്ട് എനിക്കും കല്യാണം കഴിക്കണം. എന്റെ ഭർത്താവ് എങ്ങനെ യായിരിക്കും എന്ന് .ആരറിഞ്ഞു...."

"അപ്പോ നിങ്ങൾക്ക് രണ്ടാൾക്കും അവനെ നോക്കാൻ വയ്യല്ലേ... മോൻ പറ മോന് ആരുടെ കൂടെ പോകണം എന്ന്?" കോടതി വിങ്ങിപൊട്ടാൻ തുടങ്ങുന്ന റോഷന്റെ മുഖത്ത് നോക്കി ചോദിച്ചു. "അങ്കിളെ... എനിക്ക്... എനിക്ക്... ആരുടെ കൂടെയും പോണ്ട. എനിക്ക് ഏതെങ്കിലും അനാഥാലയത്തിൽ പോയാ മതി. അവിടുത്തെ കുട്ടികൾ എന്നെക്കാളും സന്തോഷിച്ചാ വളരണേ..."


ഞാൻ കഥയെഴുതി തീർത്തു. എന്റെ ദീർഘനിശ്വാസം മുന്നിലെ വരാന്തയി ലൂടെ ഇരമ്പിയെത്തിയ കാറ്റിൽ അലിഞ്ഞില്ലാതെയായി. തൊട്ടരികിലെ മുറ്റത്തിൽ അതാ റോഷൻ. ആ വെളുത്ത് മെലിഞ്ഞ പത്തുവയസുകാരൻ. അവൻ ആഹ്ലാദത്തിന്റെ അലകളിൽ നീന്തി, കഴിഞ്ഞ കാലമാകുന്ന അദ്ധ്യായം കീറിയെറിഞ്ഞ്, ദുഃഖങ്ങളെ ചുരുട്ടി

യെറിഞ്ഞ്, പുതിയ അദ്ധ്യാത്തിലേക്ക്, സന്തോഷങ്ങളിലേക്ക് ഓടിയടുക്കു കയാണ്. നീ സന്തുഷ്ടവാനാണ്, കുഞ്ഞേ നീ പറഞ്ഞതാണ് ശരി, ഞങ്ങൾ സന്തുഷ്ടരാണ്.



അപർണ പ്രഭാകർ

# എന്റെ അമ്മ



ഇങ്ങിനിക്കാണാതെ പോയെന്റെ പെറ്റമ്മ
കണ്മണീ ,നീയെന്നെ കൈവെടിഞ്ഞീടല്ലേ
കഥപറയുമാ മിഴികളിലെപ്രഭ
എന്നുമെന്നിൽ ജ്വലിച്ചുനിൽക്കേണമേ
ഒറ്റപ്പെടുത്താതെ കുറ്റപ്പെടുത്താതെ
തങ്ങേന്നിലെക്കുന്നുമുടിയെത്തേണമേ
വേദനകൾ കയറിയിറങ്ങുമ്പോൾ
ഒരു കുളിർതെന്നലയെന്നെത്തഴുകേണമേ
അത്ഭുതത്തോടെയല്ലാതെന്റമ്മയെ
കരുതീടാനോട്ടുമാവില്ലെനിക്കിന്നു
പിന്തിരിഞ്ഞൊന്നു നോക്കുമ്പോൾ എന്മമനം
വിങ്ങിവിങ്ങിത്തകരുന്നു ദൈവമേ
ആരുകേൾക്കാൻ  കവിതകൾചൊല്ലും  ഞാൻ ?
ആരുണ്ടിന്നിവെയ്ക്കീണം  പകരുവാൻ ?
എന്റമ്മക്കുട്ടി നീ വാക്കുപാലിക്കണേ ,
എന്റെക്കൂടെയങ്ങെന്നുമുണ്ടാവണെ .
അംഗവിടുത്തെ കഥകളങ്ങോക്കെയും ,
സൗകര്യന്പോൾ ചൊല്ലിത്തരേണമേ .
എത്രകൗതുകമുണ്ടെനിക്കെന്നോ ,
ആ ,നാവില്നിന്നും കഥാകേട്ടീടുവാൻ .
അച്ഛനെന്നുമുണ്ടവിടെയെന്നുള്ളത്
തെല്ലൊരാശ്വാസമേകുന്നെനിക്കിന്നു .
അച്ഛനോടെന്റെ കാര്യങ്ങൾ
ചൊല്ലുമ്പോൾ,

എന്റെ കൊടിപ്പുണ്യമാണെന്നമ്മ ,

എന്റെ മുജമ്മസുകൃതമാണെന്നമ്മ .

എഴുതിരിയിട്ട നിലവിളക്കെന്നപോൽ ,

എന്നുമെന്നിൽ പ്രഭചൊരിയേണമേ.

ജീവിതത്തിന് പടവുകൾ താണ്ടുമ്പോൾ,

താങ്ങായെന്നും നീ കൂടെയുണ്ടാവില്ലേ?

ദുഃസ്സഹമാണീ ഒറ്റപ്പെടലുകൾ ,

എന്നെമ്മയ്ക്കറിയാവതല്ലയോ?

'അമ്മ തന്നെയല്ലച്ഛനമായിനിന്നെന്നെ,

സംരിക്ഷിച്ചതെത്രനാലെത്രനാൾ.

എന്തിനിത്രയും കരുതിയിട്ടെന്നെനീ

ഒറ്റയ്ക്കിട്ട മാറിനിന്നീടുന്നു

എന്നും താങ്ങും തണലുമായെന്നെനീ,

നിന്റെ ചാരത്തുചേർത്തുനിർത്തേണമേ.

ഈ കവിതയ്ക്കുമീണം പകരുവാൻ,

നീയല്ലാതെനിക്കാരുവിലൊരിക്കണം.



ഗീതാദേവി

എച്ച് എസ് റ്റി. ഇംഗ്ലീഷ്

# ആരണ്യനർത്തകി തൻ സെൽഫി



ആരണ്യഭ്രുവിലായ്  മേഘനീരന്ധ്രം പോൽ
ദലങ്ങൾ പൊഴിയും നിസ്സാര ഭാവാ പോൽ
ആർത്തലച്ചെത്തിയാ മേഘം ബാഷ്പങ്ങൾ പേറി ,
കുരുന്നുപാദങ്ങൾ വിളറി വെളുത്തു
നിർദയമാ നേത്രങ്ങൾ ഇമയനക്കാതെ വെച്ചുവോ ?
അതേ .........ആഗതനായ് എത്തിയാ പ്രളയം
ഈ അനന്തരവേളയിലും ,
ഉയർന്ന ചിലരുടെ ഹസ്തങ്ങൾ
സെൽഫിയെടുക്കാനായ് ,
ചുടുകണ്ണീർ പടർന്നൊരു ,
ബാഷ്പങ്ങൾ തീർത്തൊരു
ചിത്രം മൊട്ടിട്ടു അന്ന് ......
വള്ളത്തോൾ തൻ ഭാവശിൽശിഖയിൽ
നിന്നടർന്നു വീണ അക്ഷരസൂനങ്ങൾ
നൽകിയൊരു ചിത്രത്തിൻ
അന്ത്യദർശനമാ സെൽഫിയിലോ ?
കേരം തിങ്ങും കേരളനാടിന്
മരുഭ്രുവെന്നൊരു നാമമാം
പ്രളയത്തിൽ വരവും പകർത്തിയോ സെൽഫിയിൽ,
മേഘത്തിൽ നിന്നടർന്നു വീണ മഴത്തുള്ളി
പണ്ട് കൊതിച്ചത് വല്ലിയിൽ ഊയലാടാനായ്
ഇന്നന്തെ നീ ബാഷ്പം പൊഴിക്കുവാൻ കൊതിച്ചത്
ഒരു ചൂടുപാൽ വെളിച്ചം പോലുമില്ലാത്ത
ജീവനത്തിൻ കഥനകഥയിലെ സെൽഫിയും
പ്രസിദ്ധമോ ?
സ്വജീവനത്തിന്റെ പിഴകൾ മറച്ച

സെൽഫിയെടുക്കാൻ പല വിദ്യകൾ സുലഭ്യം.
ആരണ്യനർത്തകി കറുപ്പാർന്ന
വേഷഭ്രൂഷാതികളണിഞ്ഞ് വിരുന്നെത്തിയതും
പകർത്തിയോ മനുഷ്യാ നീയാ സെൽഫിയിൽ
കിലുങ്ങും ചിലങ്കകളല്ല വളണഞ്ഞി തന്ന്
അശ്രു പടരും അസഹ്യരോദനങ്ങളല്ലയോ
കുങ്കുമപ്പൊട്ടായ് ആ നെറ്റിയിൽ ചാർത്തിയത്
കുരുന്നു ബാല്യത്തിൻ
ഓർമ്മതൻ രക്തഹാരമോ ?
പകർത്തിയൊരു സെൽഫിയിലും
പടർന്നൊരാ രക്താഞ്ചലീ
പതിവുപോലവളുടെ പാദസ്വരങ്ങൾ
കിലുങ്ങിയില്ല , കുണുങ്ങിയിലും ,
കിന്നാരമൊട്ടുമേ മൊഴിഞ്ഞില്ല
സെൽഫിയെടുക്കാൻ ഉയർന്നവയിലും
രക്തവും ചുടുകണ്ണീരും സമാസമം
ചേർത്തവ ധാനമായ് നൽകിയോ
ആരണ്യനർത്തകി .
ഓർക്കുക , കണ്ണീരൊപ്പാൻ
സെൽഫിക്കു കഴിയില്ല .



- അഫ്സാന

# മലാല എന്ന മാലാഖ

പാകിസ്ഥാനിലെ സ്വാത്ത് പ്രവിശ്യയിലെ താലിബാന്റെ ചെയ്തികളെ ഉറച്ച ശബ്ദത്തിൽ, കരുത്തുറ്റ മനസ്സോടെ എതിർത്ത പതിനാലുകാരി. അക്ഷരങ്ങളെ ഹൃദയത്തോട് ചേർത്തുവച്ച വിദ്യയെ ഔന്നത്യങ്ങളിലേക്കു ചിറകുവിരിച്ചു പറക്കാൻകൊതിച്ച ധീരയായ പെൺകുട്ടി. വംശീയാധിക്ഷേപങ്ങൾക്കും ഭീകര പ്രവർത്തനങ്ങൾക്കും എതിരെ നിരന്തരം പോരാട്ടങ്ങൾ നടത്തുന്ന സമാധാനത്തിന്റെ പ്രതീകമായ മലാല എന്ന മാലാഖ പാകിസ്ഥാനിലെ സ്വാത് താഴ്‌വാരയിലെ മിൻഗോറ ടൗണിൽ 1997 ജൂലൈ 12 ന കവിയും വിദ്യാഭ്യാസ പ്രവർത്തകനുമായ സിയാവുദ്ദിൻ യൂസഫ് യുടെയും മകളായി സായി ജനിച്ചു.താലിബാന്റെ വിലക്കുകൾ നിഷേധിച്ചു അവർ സ്കൂളിൽ എത്തി. ഭീകരതയുടെ ക്രൂരവും പൈശാചികവുമായ മുഖം അവൾ ബ്ലോഗിലൂടെ ലോകത്തെ കാണിച്ചു. താലിബാൻ ഭീകരർ വെടിവച്ചു വീഴ്ത്തിയ മലാല ലോകത്തിന്റെ പ്രാർത്ഥനകൊണ്ടു സ്വപ്നങ്ങൾക്ക് വീണ്ടും ചിറകു നൽകി പുനർജനിച്ചു.



-Karthika B. R.

G. G. H. S. S, Cottonhill
**Little Kites LK/2018/43085**

# മലയാളം

മധുരമാ മലയാളം ഉണരും
നെറുകയിലൊരു കൊച്ചു മലരായ്
വിരിഞ്ഞുവന്നു.
അലയടിച്ചുണരുന്നൊരാഴക്കടലിന്റെ
അലപോലെ മാറിന്നുനീ
അമ്മയെന്നനശ്വര വാക്കായ
ഭൂമിതൻ സമ്മാന്മാ-
മലയാളമേ..





അമൃത എസ്

# മഴവില്ല്

എത്ര മനോഹരമാണ് മഴവില്ല് . മിന്നി നിൽക്കുന്ന ആകാശത്തെ രണ്ട് കുസൃതി
കളായ മഴയും വെയിലും ഒരുമിക്കുമ്പോൾ ഉണ്ടാകുന്ന മഴവില്ല്. ഇന്ദ്രന്റെ ധനുസ്സ് എന്നറിയപ്പെടുന്ന
മഴവില്ല്. പ്രകാശം തീർക്കുന്ന വിസ്മയങ്ങളിൽ ഒന്നാണ് മഴ
വില്ല്. ത്രികോണാകൃതിയിലുള്ള സ്ഫടികക്കട്ടയിലൂടെ കടന്നു പോകുന്ന വെളിച്ചം ഏഴുനിറങ്ങളായി
വേര്പിരിയുമെന്നു ന്യൂട്ടൺ കണ്ടെത്തി. ഏഴ് നിറങ്ങളെയും ലെന്സിലൂടെയും പ്രിസത്തിലൂടെയും
കടത്തിവിട്ടു. അദ്ദേഹം അതിനെ  സാധാരണ പ്രകാശമാക്കി മാറ്റുകയും ചെയ്തു .



അന്തരീക്ഷത്തിലെ വെള്ളത്തുള്ളികളിലൂടെ കടന്നു
പോകുന്ന പ്രകാശത്തിലെ നിറങ്ങൾ വേർ തിരിയുന്നതാണ് മഴവില്ലിന് കാരണമാകുന്നതെന്ന്
അദ്ദേഹം വിശദീകരിച്ചു. പൊടിപടലങ്ങളും മറ്റും തട്ടിയുണ്ടാകുന്ന ഭാഗികമായ പ്രതിഫലനമാണ്
വിസരണം. ആകാശവും കടലും നീലനിറത്തിൽ കാണാൻ കാരണം വിസരണമാണ് എന്ന് ഇന്ത്യാ
ക്കാരനായ സി .വി രാമൻ  തെളിയിച്ചു. മഴവില്ല് ഏറ്റവും അധികം കണ്ടുവരുന്ന രാജ്യമാണ് സൗത്ത്
ആഫ്രിക്ക . പ്രകൃതിയിലെ വിസ്മയകരമായ പ്രതിഭാസ
മാണ് മഴവില്ല്.മഴവില്ലിന്റെ ഏഴ് നിറങ്ങൾ ചേർത്താണ് വിബ്ജിയോർ എന്ന പേര് മഴവില്ലിന്
ലഭിച്ചത്. വി-വയലറ്റ്, ഐ-ഇൻഡിഗോ, ബി-ബ്ലൂ,ജി-ഗ്രീൻ,  യു-യെൽലോ, ഓ-ഓറഞ്ച്. ആർ-
റെഡ്.എന്നിവയുടെ ആദ്യത്തെ അക്ഷരങ്ങൾ
ചേർത്താൽ വിബ്ജിയോർ എന്ന വാക്ക് ലഭിക്കും. മഴവില്ലുകാണുമ്പോൾ എല്ലാ
വർക്കും സന്തോഷമാണ്. പ്രേത്യേകിച്ചു കുട്ടികൾക്ക്. മഴവില്ലിനെക്കുറിച്ചു ധാരാളം കഥകളും
കവിതകളും ഉണ്ട്. മഴവില്ലിനെ കുറിച്ചുള്ള മഹാകവി ജി.ശങ്കരക്കുറുപ്പിന്റെ വരികൾ കുട്ടികളുടെ
മനസ്സിനെ എന്നും കുളിരണിയിക്കു
ന്നതാണ്.

*"മായായ്ക്ക മായായ്ക്ക മാനത്തിന്*
*മാണിക്യ മതമതല്ലികെമഴവില്ലേ*
*കാലാവതുടുക്കു കാറ്റത്തഴിഞ്ഞിടും*
*കറിവെനി കെട്ടാൻ നീ പട്ടുനാട"*



– എം എസ് കലാവേണി

# പറന്ന്,പറന്ന്, പറന്ന്......

2018 മാർച്ച് 31 ന് ആദിശങ്കര ഏഷ്യാനെറ്റ് ന്യൂസ് യങ്ങ് സയന്റിസ്റ്റ് അവാർഡിന്റെ പരസ്യം ഏഷ്യാനെറ്റ് ന്യൂസ് ചാനലിൽ കണ്ടതു മുതൽ എന്റെ സ്വപ്ന ചിറകിലൂടെ ഞാൻ അമേരിക്കയിലോട്ട് ഇടയ്ക്ക് പറക്കുമായിരുന്നു. എന്റെ ആ സ്വപ്നത്തെ അച്ഛനും അമ്മയും ചേട്ടനും ടീച്ചറും കൂടി ചേർന്ന് ആക്കം കൂട്ടി കൊണ്ടേയിരുന്നു. ഡോ.അബ്ദുൽക്കലാം പറഞ്ഞതുപോലെ "സ്വപ്നങ്ങൾ ഉറക്കത്തിൽ കാണുന്നവയല്ല മറിച്ച് നമ്മുടെ ഉറക്കം കെടുത്തുന്നവയാണ്." അമേരിക്കയിലെ നാസ സന്ദർശം എന്ന സ്വപ്നം എന്റെ ഉറക്കം കെടുത്തുകയും അത് യാഥാർത്യമാക്കാൻ രാവും പകലും ഇല്ലാതെ കഠിനമായി പ്രയത്നിക്കുക

യും ചെയ്തു.

ഒടുവിൽ ആ മത്സരത്തിൽ ഞാൻ വിജയിയായി എന്നറിഞ്ഞ നിമിഷം, സത്യത്തിനും സ്വപ്നത്തിനും ഇടയിലെ വിടവുകൾ ഇല്ലാതാകുന്ന നിമിഷം, എന്റെ ഇതുവരെയുള്ള ജീവിതത്തിലെ ഒത്തിരി സന്തോഷമാർന്ന നിമിഷങ്ങളായിരുന്നു അത്. ആ യാഥാർത്യത്തെ വീണ്ടും സ്വപ്നതുല്യമാക്കി മാറ്റുന്ന രീതിയിലായിരുന്നു ആദിശങ്കര കോളേജിലെ സമ്മാനദാന ചടങ്ങുകളുടെ വേദി സജ്ജീകരിച്ചിരു

ന്നത്. LCD സ്ക്രീനുകളും പശ്ചാത്തല സംഗീതവും എല്ലാറ്റിനും ഉപരി നമ്മുടെ രാജ്യത്തിന്റെ ഉപരാഷ്ട്രപതി ശ്രീ. വെങ്കയ്യ നായിഡുവിൽ നിന്നും സമ്മാനം ആദ്യമായി ഏറ്റുവാങ്ങിയ സന്തോഷവും. മാതാപിതാ ഗുരു ദൈവങ്ങളെ മനസ്സിൽ ധ്യാനിച്ച് ഞാൻ ആ സമ്മാനം ഉപരാഷ്ട്രപതിയിൽ നിന്നും ഏറ്റു വാങ്ങി. കൂടാതെ ഈ സമ്മാനം വാങ്ങുന്ന ആദ്യത്തെ പെൺകുട്ടിയെന്ന ഖ്യാതിയും. ഒരു പെൺകുട്ടിയ്ക്ക് അവാർഡ് ലഭിച്ചതിൽ ഉപരാഷ്ട്രപതിയുടെ പ്രോത്സാഹനപരമായ അഭിനന്ദനങ്ങൾ കിട്ടിയപ്പോൾ ഒത്തിരി

അഭിമാനം തോന്നി. ആദ്യമായി മീഡിയയെ അഭിമുഖീകരിക്കുന്നതിന്റെ ഒരു ഭീതിയും ചമ്മലും മനസ്സിൽ ഉണ്ടായിരുന്നെങ്കിലും ഒന്നും പുറത്തു കാട്ടാതെ ഞാൻ ഏഷ്യാനെറ്റ് ന്യൂസ് ക്യാമറയ്ക്കു മുന്നിൽ നിന്നും കൊണ്ട് എന്റെ പ്രോഡക്ടിനെ കുറിച്ച് സംസാരിച്ചു. പിന്നെയുള്ള ദിനങ്ങളിൽ അമേരിക്കൻ യാത്രയുടെ ഒരുക്കങ്ങളായിരുന്നു.

**സുവർണ്ണ ദിനം**

സെപ്റ്റംബർ 19 ന് സ്കൂളിൽ ഞാനൊരു താരമായിരുന്നു. എല്ലാ അദ്ധ്യാപകരും എന്നെ അനുഗ്രഹിക്കുകയും ശുഭയാത്ര ആശംസിക്കുകയും ചെയ്തു. കൂട്ടുകാരും അദ്ധ്യാപകരും എല്ലാവരും ചേർന്ന് എനിക്ക് ഗംഭീരമായ യാത്രയയപ്പ് നൽകി.

20 ന് അതിരാവിലെ എന്റെ സ്വപ്ന യാത്രയ്ക്കുള്ള ആരംഭം കുറിച്ചു. ഇതു വരെ വായിച്ചും കേട്ടും മാത്രം അറിഞ്ഞ മറ്റൊരു ഭൂഖണ്ഡത്തിലേക്കുള്ള സ്വപ്നതുല്യമായ ഒരു യാത്രയുടെ തുടക്കമായിരുന്നു അത്. അതും ഇന്ത്യയുടെ മൂന്നിരട്ടി വലിപ്പമുള്ള ഒരു രാജ്യത്തിലേക്ക്.... അവിടുത്തെ ഭൂപ്രകൃതിയും ജനങ്ങളുടെ സംസ്കാരവും ജീവിതരീതിയും എല്ലാം കണ്ടു മനസ്സിലാക്കുവാനുള്ള ഒരു അവസരം.....

സാങ്കേതിക വിജ്ഞാനം, വിനോദം, ചരിത്രം(ഭൗമ ശാസ്ത്രം) ജീവിതം തുടങ്ങിയ തലങ്ങളിലായിട്ടു ഉൾപ്പെടുത്താവുന്ന NASA യുടെ ജോൺസൺ സ്പേയ്സ് സെന്റർ, TESLA കാർ നിർമ്മാണശാല, Boeing വിമാന നിർമ്മാണ കമ്പനി, Google Plex, Hooverdam, Grand Canyon, Universal Studio, Hollywood, Las Vegas ഇവയെല്ലാം തന്നെ ഞങ്ങളുടെ സന്ദർശന സ്ഥലങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിരുന്നു.

അങ്ങനെ ഏഷ്യൻ ഭൂഖണ്ഡത്തിൽ നിന്നും അമേരിക്കൻ ഭൂഖണ്ഡത്തിലേക്കുള്ള എന്റെ ആദ്യ യാത്ര ഇരുപതാം തീയതി രാവിലെ 3.30 ന് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും ആരംഭിച്ചു. വിമാനം പറന്നു പൊങ്ങി. നക്ഷത്ര കുഞ്ഞുങ്ങൾ

ആകാശത്തു നിന്നും വീണു കിടക്കുന്നതു പോലെ അങ്ങ് താഴെ ഭൂമിയിലെ രാത്രി വെളിച്ചം തിളങ്ങുന്നതു കുറച്ചു ദൂരം കാണാമായിരുന്നു. 5

മണിക്കൂർ യാത്ര ചെയ്ത് Texas ലെ ഹ്യൂസ്റ്റൺ നഗരത്തിലെ ജോർജ് ബുഷ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ അമേരിക്കൻ സമയം 4.30 ന് ഞങ്ങൾ വിമാനം ഇറങ്ങി.

അമേരിക്കയിലെ ആദ്യ സന്ദർശനം. അടുത്ത ദിവസം NASA യിലേക്കാ
യിരുന്നു. എന്റെ ജീവിതത്തിലെ ഒരിക്കലും മറക്കാനാവാത്ത ഒരനുഭവമായിരുന്നു NASA. അവിടെ സുപ്രസിദ്ധമായ അപ്പോളോ 13, മെർക്കുറി തുടങ്ങിയ സാറ്റലൈറ്റുകൾ പ്രദർശിപ്പിച്ചിട്ടുണ്ടായിരുന്നു. ആദ്യത്തെബഹിരാകാശ
യാത്രികൻ കണ്ട കാഴ്ചകളുടെ ഒരു മോഡൽ അഥവ പ്രതീകങ്ങൾ, ഒരു ബഹിരാ കാശയാത്രികന്റെ ബഹിരാകാശത്തെ ജീവിതം, അങ്ങനെ നീണ്ടു പോകുന്ന കാഴ്ചകൾ. ചന്ദ്രന്റെ ഒരു കഷ്ണത്തെ സ്പർശിക്കാനുള്ള ഭാഗ്യവും എനിക്കവിടെ ഉണ്ടായി. യന്ത്രവൽക്കരണത്തിന്റെ പാരമ്യം, Robonaut എന്നെ ശരിക്കും അതിശയിപ്പിച്ചു.

Rickie Hick എന്ന ബഹിരാകാശയാത്രികനുമായിട്ട് നേരിട്ട് സംവദിക്കാനുള്ള അവസരം കിട്ടിയപ്പോൾ തെല്ലൊന്ന് അമ്പരന്നെങ്കിലും ഞാൻ ആ അവസരം എന്റെ സംശയങ്ങൾ തീർക്കുവാനായി നന്നായി വിനിയോഗിച്ചു. ബഹിരാകാശ ശാസ്ത്രത്തിലെ ആഴങ്ങളിലോട്ട് ഇറങ്ങി ചെല്ലുവാൻ ഇനിയും ഒത്തിരി ദൂരങ്ങളുണ്ടെന്ന ഒരു തിരിച്ചറിവോടെയാണ് ഞാൻ അവിടെ നിന്നു പുറത്തിറങ്ങിയത്.

Houston ബഹിരാകാശ കേന്ദ്രത്തിൽ നിന്നും നേരെ ഞങ്ങൾ പോയത് Johnson ബഹിരാകാശ കേന്ദ്രത്തിലായിരുന്നു. Tram ൽ ആയിരുന്നു ആ യാത്ര. Apollo


II ന്റെ mechine control room-ൽ ആയിരുന്നു ആദ്യം എത്തിയത്. ബഹിരാകാശ യാത്രികന്റെ പരിശീലന രീതി,Docking system, Vall Kyrie എന്ന Robonaut തുടങ്ങിയവ എല്ലാം അത്ഭുതത്തോടെ മാത്രമേ

എനിക്ക് നോക്കി നിൽക്കാൻ പറ്റിയുള്ളു.

ഇവിടുത്തെ കാഴ്ചകളും അനുഭവങ്ങളും എന്നിൽ ചന്ദ്രനിൽ പോയിട്ടുവന്ന ഒരു അനുഭൂതിയാണ് ജനിപ്പിച്ചത്. ഒറ്റ വാക്കിൽ പറഞ്ഞാൽ മനുഷ്യന് അജ്ഞാതമായ പ്രപഞ്ച രഹസ്യങ്ങളെ കുറച്ചെങ്കിലും മനുഷ്യർക്ക് കാട്ടിത്തരു
ന്നതിൽ

NASA യുടെ ശ്രമം പ്രശംസനീയം തന്നെ. Making the invisible visible. അജ്ഞാനത്തെ വിജ്ഞാനപ്രദമാക്കാനുള്ള ശ്രമങ്ങളാണ് അവിടെ നടക്കുന്ന ഓരോ ബഹിരാകാശ യാത്രകളും ഗവേഷണങ്ങളും അനുബന്ധ പ്രവർത്തനങ്ങളും.

പിന്നീടുള്ള ദിവസങ്ങളിൽ മറ്റു സ്ഥലങ്ങളും സന്ദർശിച്ച് ഞങ്ങൾ 30ാം തീയതിയോടെ നമ്മുടെ ഏഷ്യൻ ഭൂഖണ്ഡത്തിലേക്ക് തിരിച്ചെത്തി. അങ്ങനെ അമേരിക്കൻ പര്യടനത്തിനു തിരശ്ശീല വീണു.




അധികവായനയ്ക്കു
ഈ ലിങ്ക് ക്ലിക്ക് ചെയ്യുക.

-Ishaani. R. Kammath

# വിത്ത് ഒരു മരം

വിത്താണിന്നെൻ ഹൃത്തിൽ നിറയും
നാളേയ്ക്കിലകൾ വിടർത്തും ചെടിയായ്
അരുമക്കിളികൾക്കൂഞ്ഞാലാടാൻ
കായ്കനി തിന്നു മരിച്ചീടാൻ



വിത്തെൻ മുത്താണെന്നും സ്വത്തായ്
ചിത്തം നിറയും മണ്ണിൽ പൊന്നായ്
മരതം മലർവനി നിറയും വാനിൽ
വാർമഴവില്ലിന് ചന്തം കൂട്ടാൻ

വിത്തിന്നുള്ളിലൊളിയും തരുവെ
വിശ്വത്തിന്നിളവേൽക്കാൻ മണ്ണിൽ
നട്ടുനനയ്ക്കാൻ ഉത്സാഹത്താൽ
വെമ്പുകയാണെൻ മനമിന്നും

വിത്തു മുളച്ചൊരു മരമായ് തീരും
ചില്ലയിലൊന്നിൻ കൂട്ടുണ്ടാക്കാൻ
കിളികൾ പറന്നു വന്നീടുമ്പോൾ
കണ്ണിനു പൊൽക്കണിയായ്ത്തീരും.



സുലോചന ശാസ്താംകോട്ട
H S T, മലയാളം



ഇഷാനി യംഗ് സയന്റിസ്റ്റ് അവാർഡ് ഉപരാഷ്ട്രപതിയിൽ നിന്നു സ്വീകരിക്കുന്നു.



സംസ്ഥാനതല ഗ്രൂപ്പ് സോംഗിൽ എ ഗ്രേഡ്






ഉപയോഗശൂന്യമായ പൂക്കളിൽ നിന്നും അഗർബത്തിയുമായി കുട്ടികൾ








Birthday celebration



# ദേശീയ ഏകാങ്ക മത്സരം: കോട്ടൺഹിൽ സ്കൂളിന് അംഗീകാരം



ഏകാങ്ക നാടക മത്സരത്തിൽ പങ്കെടുത്ത കോട്ടൺഹിൽ ഗവ. ഗേൾസ് ഹയർസെക്കൻഡറി സ്കൂൾ വിദ്യാർഥികൾ അധ്യാപകരോടൊപ്പം

**തിരുവനന്തപുരം**

മഹാത്മാ ഗന്ധിയുടെ 150ാം ജന്മ വാർഷികാഘോഷവുമായി ബന്ധപ്പെട്ട് കേന്ദ്ര മാനവശേഷി വികസനവകുപ്പ് തഞ്ചാവൂരിൽ നടത്തിയ സൗത്ത്സോൺ ഏകാങ്ക നാടക മത്സരത്തിൽ കോട്ടൺഹിൽ ഗവ. ഗേൾസ് ഹയർസെക്കൻഡറി സ്കൂൾ മൂന്നാം സ്ഥാനം നേടി. കേരളത്തിൽ നിന്നും ആദ്യമായാണ് ഒരു സ്കൂൾ ഈ മത്സരത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. ആധുനിക കാലഘട്ടത്തിൽ ഗാന്ധിയൻ ഫിലോസഫിയുടെ പ്രാധാന്യവും ഗാന്ധിജിയുടെ ജീവചരിത്രത്തിന്റെ ഒരു ഏട് എന്ന വിഷയത്തിലായിരുന്നു മത്സരം. കോട്ടൺഹിൽ സ്കൂളിലെ അധ്യാപകരായ പി വി ഗുരദത്ത് രചനയും ടി എസ് അരുൺ സംവിധാനവും നിർവഹിച്ചു. വിദ്യാർഥിനികളായ അലീന ഷെനിൻ, സാറാ ജോമോൻ, അപർണാ പ്രഭാകർ, ആലിയാ നിസാർ, എസ് കെ വൃന്ദ, സാന്ദ്രാ എസ് അരുൺ, അദ്വൈദ എസ് മനോജ്, കാവ്യ എസ് ദേവ്, രാജലക്ഷ്മി, കാതറിൻ എന്നിവർ അഭിനയിച്ചു. മറ്റു സംസ്ഥാനങ്ങളിലെ പ്രഗത്ഭരായ അൺ എയ്ഡഡ് സ്കൂളുകളെയും കേന്ദ്രീയ വിദ്യാലയങ്ങളേയും പിന്തള്ളിയാണ് കോട്ടൺ ഹിൽ സ്കൂൾ മൂന്നാം സ്ഥാനത്ത് എത്തിയത്.

# English

The Highest Education is that which does not merely give us information but makes our life in harmony with all existence.

- Rabindranath Tagore

# Electronic Hazardous Waste
# E-WASTE

Economic growth and availability of electronic goods in the market has increased.

Temptation of consumers to replace their household electronic items with new models for various reasons which leads to growing piles of e-waste.

Electronic waste (E-waste) comprises waste electronics/electrical goods that are not fit for their originally intended use or have reached their end of life.

These include computers,monitors,CD's, printers,scanners,copiers, calculators, fax machines, battery cell,cellular phones ,TV's,medical apparatus,refrigerators ,air conditioners etc.



Electronics and electrical experiments are seen efficiently and environmentally friendly ,but there are hidden dangers associated with them once these become e-waste.

Electronic products like computers and cell phones contain a lot of different toxics. For example cathode ray tubes(CRTs)such as LED contain ,barium and cadmium,which can be very harmful to health if they enter the water system and human body. These materials can cause damage to human nervous and respiratory systems.

- PARVATHI J 9E

# Because I am a Girl?

*I could hear the weeps of my mother*
*I could feel the pain in her tear*
*It's the pain to just lose me*
*Oh she will lose her home, hear thee*

*I could hear the talks around*
*Hence I stay afraid to the womb bound*
*I could make out my life's end*
*The world is ready with deathbed to lend.*

*They don't want me to see this world,*
*As their cries have fallen down dead.*
*Their curse surrounds me; painful*
*Oh their words tear off my soul.*



*They are being helpless to bring me up,*
*Why?*

*Will I be a burden till I die!*
*Give ear, Oh God! Why this birth?*
*If I, were a son then happiness; mirth*
*What's so troublesome in me to be called evil*
*Just because I am a GIRL?*



- Honeymol. R.
9 E

# True Friend

Making a million friend
Is not a miracle.
The miracle is to make
A friend who will
Stand by you.
When millions are
Against you.



Subhadra
9

# Spring



Spring is coming, spring is coming
Flowers are blooming
Butterflies are happy
Sunflowers facing sun
And they are singing
Sun, sun, sun, sun, flower
We are happy, very happy
Colorful daisy flowers
They are singing
We are happy very happy
Spring is going, spring is going
All are sad.

- M .S. Kalaveni
6 E

“ I am full of mistakes and imperfections, therefore I am real”

## I AM WHO I AM...

I may not be like the one you want,
I always say what I feel,
Sometimes I don't even mean it,
It takes some time to figure me out.

I am insecure but secure,
I have flaws but I am beautiful,
I am okay being imperfect,
Because imperfect is perfect to me..........






Nandini Krishna R S

IX J

## MY BEST FRIENDS

They don't care whether I
am,
rich or poor ,fat or thin,
stupid or clever,tall or
short,
beautiful or not,white or
black.



I will fall off the cliff
intentionally,
Because I know,they will
catch me.
When I laugh , they laugh,
When I fall, they will till
they fall....

Maneesha Vinod

IX J

"True
friendship
resists
time,
distance
and
silence"

## LOLLIPOPS



I love lollipop
You love lollipop
